FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY AND VIGILANCE

# JAGRATHA NEWS

239th Issue December, 2015



# ജാഗ്രത

ഭാരതസംസ്കൃതിയും
അസഹിഷ്ണുതയുടെ രാഷ്ട്രീയവും ........ 02-07

നമ്മുടെ രാജ്യം അസഹിഷ്ണുതയുടെ
പാതയിലേക്കോ? ........ 02
ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി

അസഹിഷ്ണുതയുടെ നാടുവാഴികൾ ........ 03
റവ. ഫാ. വർഗീസ് വള്ളിക്കാട്ട്

ഭാരതത്തിൽ വർഗീയതയ്ക്കും അസഹിഷ്ണുതയ്ക്കും സ്ഥാനമില്ല ........ 04
അഡ്വ. എൻ. കെ. പ്രേമചന്ദ്രൻ എം. പി

അസഹിഷ്ണുത അന്യമായ നാട് ........ 05
അഡ്വ. പി. എസ്. ശ്രീധരൻപിള്ള

ഇന്ത്യ എന്ന ആശയത്തിന്റെ കാഴ്ചപ്പാട് മാറുകയാണോ? ........ 06
റവ. ഡോ. പോൾ തേലക്കാട്ട്

ഇന്ത്യയുടെ ആത്മാവിനെ
ഇനിയും അന്വേഷിക്കേണ്ടിയിരിക്കുന്നു ........ 07
റവ. ഡോ. വിൻസെന്റ് കുണ്ടുകുളം

ഭീകരതയ്ക്കെതിരേ ഉണരുന്ന ലോക മനഃസാക്ഷി ........ 07

കെസിബിസി പ്രസ്താവനകൾ ........ 08-09

കേരളത്തിലെയും ബിഹാറിലെയും
തെരഞ്ഞെടുപ്പുഫലം നല്കുന്ന സന്ദേശം
ഉൾക്കൊള്ളണം ........ 08

അസഹിഷ്ണുതയുടെ രാഷ്ട്രീയത്തിന്
ഭരണകൂടത്തിന്റെ പിന്തുണ ........ 08

വിദ്യാഭ്യാസരംഗത്തെ സർക്കാർ
നിലപാടുകൾക്ക് കനത്ത വില നൽകേണ്ടി വരും ........ 09

സമുദായ നേതാക്കൾ സമൂഹത്തിന്റെ
വിവേചനാശക്തിയെ വിലകുറച്ചു കാണരുത് ........ 09

പശ്ചിമഘട്ടത്തിലെ ക്വാറി ഖനനം:
അഴിമതിക്കുള്ള അനുമതി ........ 09

വാർത്തകൾ ........ 10-15

സഭാതലം ........ 10-11

സാമൂഹികം ........ 11-15

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi - 25
Phone: +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: jagrathakcbc.blogspot.com

# നമ്മുടെ രാജ്യം അസഹിഷ്ണുതയുടെ പാതയിലേക്കോ?

**(രാജ്യത്തെ അസഹിഷ്ണുത പടർത്തുന്ന സമീപകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ 'ഭാരതസംസ്കൃതിയും അസഹിഷ്ണുതയുടെ രാഷ്ട്രീയവും' എന്ന വിഷയത്തെക്കുറിച്ച് നടത്തിയ സംവാദത്തിന്റെ വെളിച്ചത്തിൽ.....)**

ദളിത് പീഡനങ്ങളുടെയും ഗോവധവിവാദങ്ങളുടെയും കാവിവത്കരണത്തിന്റെയും സാഹിത്യസാംസ്കാരിക നായകരുടെ പ്രതികരണങ്ങളുടെയും പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ ഭാരതസംസ്കൃതിയുടെ ഇരുളും വെളിച്ചവും വിമർശനാത്മകമായി വിലയിരുത്തേണ്ടതാണ്. അസഹിഷ്ണുതയുടെ പ്രവണതകൾ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രസ്ഥാനങ്ങളുടെ മുഖ്യധാരാ സ്വഭാവമായി മാറുന്നതായി സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നു.

നമ്മുടെ രാജ്യം അസഹിഷ്ണുതയുടെയും സാംസ്കാരിക സ്വേച്ഛാധിപത്യത്തിന്റെയും പാതയിലേക്കാണോ നീങ്ങുന്നത്? രാഷ്ട്രീയ, സാമൂഹിക, സാസ്കാരികമേഖലകളിൽ ഭയത്തിന്റെ നിഴൽ പടരുന്നുണ്ടോ? അസഹിഷ്ണുതയും വർഗ്ഗീയതയും വളർത്തുന്ന സംഭവങ്ങളും നിലപാടുകളും പ്രസ്താവനകളും ആഹ്വാനങ്ങളും ഇന്ന് കൂടിവരുന്നില്ലേ? സമീപകാലസംഭവങ്ങളെ ഒറ്റപ്പെട്ടതായി കാണുകയും നിസ്സാരവത്കരിക്കുകയും അവഗണിക്കുകയും ചെയ്യുന്ന അധികാരികളുടെ പ്രവണത കൂടുതൽ അപകടകരമല്ലേ? രാജ്യത്ത് അസഹിഷ്ണുതയുടെ വിത്തു പാകുന്ന സംഭവങ്ങൾ അരങ്ങേറുന്നതിൽ ആശങ്ക പ്രകടിപ്പിച്ച രാഷ്ട്രപതി പ്രണബ് മുഖർജി ശക്തമായ ഇടപെടലുകൾ അനിവാര്യമാണെന്നും നാനാത്വത്തിലെ ഏകത്വം നഷ്ടപ്പെടുത്തരുതെന്നും ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.



"ഭാരത സംസ്കാരവും അസഹിഷ്ണുതയുടെ രാഷ്ട്രീയവും" എന്ന വിഷയത്തിൽ കെസിബിസി ജാഗ്രതാസമിതി സംഘടിപ്പിച്ച സംവാദം ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു. ഫാ. സാജൂ സി.എസ്.റ്റി, അഡ്വ. എൻ.കെ. പ്രേമചന്ദ്രൻ എം.പി., അഡ്വ. പി.എസ്. ശ്രീധരൻപിള്ള, ഫാ. വിൻസെന്റ് കുണ്ടുകുളം, ഫാ. പോൾ തേലക്കാട്ട്, അഡ്വ. ആന്റണി അമ്പാട്ട് എന്നിവർ സമീപം.

വിവിധ മതങ്ങളുടെ സമാധാനപൂർണ്ണമായ സഹവർത്തിത്ത്വം- ഇതാണ് ഇന്ത്യയുടെ മതേതരദർശനം. സഹിഷ്ണുതയുടെയും ബഹുസ്വരതയുടെയും സാംസ്കാരിക വൈവിധ്യത്തിന്റെയും മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. ഇന്ത്യൻ ഭരണഘടനയുടെ അന്ത:സത്തയ്ക്ക് വിരുദ്ധമായ പ്രവണതകളെ തിരിച്ചറിയുവാനും ഉന്മൂലനം ചെയ്യുവാനും ബന്ധപ്പെട്ട അധികാരികൾക്ക് കടമയുണ്ട്. നമ്മുടെ നാടിന്റെ സംസ്കാരം സഹവർത്തിത്ത്വത്തിന്റെയും ധർമ്മത്തിന്റെയും ആതിഥ്യമര്യാദയുടേതുമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ കാതലായ മതേതരത്വം ദുർബലപ്പെടുമ്പോൾ വർഗ്ഗീയതയും വിഭാഗികതയും തലപൊക്കും. ഭരണകൂടത്തിന് പ്രത്യേക മതമുണ്ടാക്കാൻ പാടില്ല. മതസ്പർദ്ധയും ജാതിപ്പോരും രാജ്യത്തിന്റെ വളർച്ചയെയും ഐക്യത്തെയും ഹനിക്കും.

ഭാരതത്തിന്റെ രാഷ്ട്രീയജീവിതത്തിൽ പുതിയ രൂപങ്ങളും ചലനങ്ങളും സൃഷ്ടിച്ചുകൊണ്ട് ഇൻഡ്യൻ ഭരണഘടനയുടെ അന്തസ്സത്തയായ ജനാധിപത്യബോധം, നാനാത്വത്തിലുള്ള ഏകത, ന്യൂനപക്ഷ സംരക്ഷണം, സഹിഷ്ണുത എന്നിവയ്ക്ക് വികലമായ വ്യാഖ്യാനങ്ങൾ നല്കികൊണ്ടുള്ള പ്രവണതകളെ ജാഗ്രതയോടെ കാണേണ്ടിയിരിക്കുന്നു. ആശയപരമായ കടന്നാക്രമണത്തിലൂടെയും സാമാന്യബുദ്ധിക്കെതിരായ സംഘടിതനീക്കത്തിലൂടെയും ജനങ്ങളെ വിഭജിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം തുടങ്ങിയ ജനാധിപത്യ മൂല്യങ്ങളുടെ വേരറുക്കുകയാണ്. ബീഹാർ തെരഞ്ഞെടുപ്പ് ഫലത്തിന്റെ പശ്ചാത്തലത്തിലും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതാക്കളുടെ ക്രിയാത്മകമായ പ്രതികരണങ്ങളുടെ പശ്ചാത്തലത്തിലും ഭാരത സംസ്കൃതിയും ഇന്ത്യൻ ഭരണഘടനയും കൂടുതൽ സംരക്ഷിക്കപ്പെടുമെന്നു പ്രത്യാശിക്കാം.

**ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി**

# അസഹിഷ്ണുതയുടെ നാടുവാഴികൾ

**(“ഭാരതസംസ്കൃതിയും അസഹിഷ്ണുതയുടെ രാഷ്ട്രീയവും” എന്ന വിഷയത്തിൽ കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ 2015 നവംബർ 14-ന് പി.ഒ.സി.യിൽ സംഘടിപ്പിച്ച സംവാദത്തിൽ കെ.സി.ബി.സി, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്...)**

* 2013 ഓഗസ്റ്റ് 20ന് മഹാരാഷ്ട്രയിൽ നരേന്ദ്രദബോൽക്കറും, 2015 ഫെബ്രുവരി 20ന് മുംബെയിൽ ഗോവിന്ദ് പൻസാരെയും, 2015 ഓഗസ്റ്റ് 30-ന് കർണാടകയിൽ എം.എം. കൽബുർഗിയും സമാനമായ രീതിയിൽ കൊലചെയ്യപ്പെട്ടു. മൂവരും മതതീവ്രവാദത്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരെ തൂലിക ചലിപ്പിച്ചവരായിരുന്നു.
* 2015 സെപ്റ്റംബർ 28 ന് ദൽഹിക്കടുത്ത് ദാദ്രിയിൽ മുഹമ്മദ് അഖ്ലക്ക് എന്ന വ്യക്തിയെ ജനക്കൂട്ടം തല്ലികൊന്നു. അയാളുടെ മകനെയും മാരകമായി പരിക്കേൽപിച്ചു. പശുവിറച്ചി കഴിച്ചെന്നും വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമായിരുന്നു ആരോപണം.
* 2015 ഒക്ടോബർ 3-ന് അഞ്ചും മൂന്നും വയസ്സുള്ള രണ്ടു ദളിത് കുട്ടികളെ ഹരിയാനയിൽ വീട് പുറത്തുനിന്നും പൂട്ടി തീവച്ചുകൊന്നു. കഠിനമായ ജാതിസ്പർധയാണ് കാരണമെന്ന് മാധ്യമങ്ങൾ പറയുന്നു.
* 2015 ഒക്ടോബർ 27-ന് ദൽഹി കേരളഹൗസ് അടുക്കളയിൽ ബീഫ് സൂക്ഷിച്ചിട്ടുണ്ടോ എന്ന പരിശോധന നടക്കുന്നു.
* 2015 ഒക്ടോബർ 8-ന് ഗസൽ ഗായകൻ ഗുലാം അലിക്ക് മുംബെയിൽ കച്ചേരി നടത്തുന്നതിന് വിലക്കേർപ്പെടുത്തുന്നു, കാരണം അയാൾ പാക്കിസ്ഥാൻകാരനാണ്.
* 2015 ഒക്ടോബർ 12-ന് രാജ്യാന്തര സമാധാന പ്രവർത്തകനും കോളമിസ്റ്റുമായ സുധീന്ദ്ര കുൽക്കർണിയുടെ മുഖത്ത് കരിഓയിൽ ഒഴിക്കുന്നു. മുൻ പാക്കിസ്ഥാൻ മന്ത്രി കുർഷിദ് മുഹമ്മദ് സൂരിയുടെ പുസ്തകം പ്രകാശനം ചെയ്യാൻ ശ്രമിച്ചതിന്.
* 2015 നവംബർ 3-ന് ഷാരൂഖ് ഖാൻ പാക്കിസ്ഥാൻ ഏജന്റാണെന്ന് ബി.ജെ.പി നേതാവ് സാധ്വിപ്രാച്ചി പ്രഖ്യാപിക്കുന്നു.
* 2015 ഒക്ടോബർ 15-ന് ഇന്ത്യയിൽ ജീവിക്കണമെന്നുണ്ടെങ്കിൽ മുസ്ലീങ്ങൾ മാട്ടിറച്ചി ഉപേക്ഷിക്കണം എന്ന് ഹരിയാന മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടർ പ്രഖ്യാപിക്കുന്നു.

കൂടാതെ,

* സംഘപരിവാർ സംഘടനകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ന്യൂനപക്ഷങ്ങളോട് ആക്രമണോൽസുകമായി പെരുമാറുന്നതായി മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു.
* കേരളത്തിൽ ഒരു ശശികല ടീച്ചർ നടത്തുന്നതിനു അനുകൂലമായ വിദ്വേഷ പ്രസംഗങ്ങൾ കേന്ദ്ര സർക്കാരിൽ അധികാരം കയ്യാളുന്ന ജനപ്രതിനിധികളും രാഷ്ട്രീയ നേതാക്കളും നടത്തുന്നതായുള്ള വാർത്തകൾ ആവർത്തിക്കുന്നു.



* വിദ്വേഷ പ്രസംഗങ്ങളും പ്രസ്താവനകളും നടത്തുന്നവർ പാർട്ടി വക്താക്കളല്ലെന്ന് കേന്ദ്ര പാർലമെന്ററികാര്യമന്ത്രി ശ്രീ. വെങ്കയ്യനായിഡുവും പാർട്ടി വക്താവ് പ്രകാശ് ജാവഡേക്കറും ന്യായീകരിക്കുന്നു.
* ന്യൂനപക്ഷങ്ങൾക്കും ദളിതർക്കുമെതിരെ ആക്രമണങ്ങൾ നടക്കുന്നത് ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിലല്ലെന്ന് ഭരണ നേതൃത്വത്തിലുള്ളവർ ചൂണ്ടിക്കാട്ടി ഉത്തരവാദിത്വം ഒഴിയുന്നു.
* ക്രൈസ്തവ ദൈവാലയാക്രമണങ്ങൾ നിസ്സാര കുറ്റകൃത്യങ്ങൾ മാത്രമെന്ന് ആർ.എസ്.എസ്. നിലപാടെടുക്കുന്നു.
* എഴുത്തുകാർ മുതൽ ശാസ്ത്രജ്ഞരും മുൻസേനാമേധാവികളുംവരെ രാജ്യത്ത് വളർന്നുകൊണ്ടിരിക്കുന്ന അസഹിഷ്ണുതയ്ക്കെതിരെ രംഗത്തുവരുന്നു.
* 40 ലേറെ സാംസ്കാരിക പ്രവർത്തകരും ബുദ്ധിജീവികളും അവർക്കു രാഷ്ട്രം നല്കിയ അവാർഡുകളും മെഡലുകളും തിരിച്ചു നല്കി രാജ്യത്തുയരുന്ന അസഹിഷ്ണുതയ്ക്കെതിരെ പ്രതിഷേധം രേഖപ്പെടുത്തിയതായി ഇതിനോടകം വാർത്ത വന്നു.
* രാഷ്ട്രപതിപോലും രാജ്യത്തു നിലനില്ക്കേണ്ട സമാധാന അന്തരീക്ഷത്തെപ്പറ്റിയും ഭരണഘടനയോടും ജനാധിപത്യ മൂല്യങ്ങളോടും, ഇന്ത്യൻ സംസ്കാരത്തിൽ നിലനില്ക്കുന്ന ബഹുസ്വരതയോടും പുലർത്തേണ്ട ആദരവിനെപ്പറ്റിയും രാഷ്ട്രത്തെ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

ഒഴിവാക്കലിന്റെയും അസഹിഷ്ണുതയുടെയും ഒരു പുതിയ സംസ്കാരവും രാഷ്ട്രീയവും രൂപപ്പെടുകയാണോ?

നമ്മുടെ രാജ്യം അസഹിഷ്ണുതയിലേക്കും ഫാസിസ്റ്റുപ്രവണതയിലേക്കുമാണോ നീങ്ങുന്നത്?

# ഭാരതത്തിൽ വർഗീയതയ്ക്കും അസഹിഷ്ണുതയ്ക്കും സ്ഥാനമില്ല

**("ഭാരതസംസ്കൃതിയും അസഹിഷ്ണുതയുടെ രാഷ്ട്രീയവും" എന്ന വിഷയത്തിൽ കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ 2015 നവംബർ 14-ന് പി.ഒ.സി.യിൽ സംഘടിപ്പിച്ച സംവാദത്തിൽ അഡ്വ. എൻ. കെ. പ്രേമചന്ദ്രൻ എം. പി അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം.....)**

ഭാരതത്തിൽ അസഹിഷ്ണുതയ്ക്കു പ്രസക്തിയില്ല. എന്നാൽ സമീപകാല സംഭവങ്ങൾ ഭാരതത്തിൽ സഹിഷ്ണുതയ്ക്ക് സ്ഥാനമില്ല എന്ന് സൂചിപ്പിക്കുന്നു. ഭാരത സംസ്കൃതിക്കും അതിന്റെ സഹിഷ്ണുതയ്ക്കും സഹനശക്തി ശീലങ്ങൾക്കും 5000 വർഷം പഴക്കമുള്ള പാരമ്പര്യമുണ്ട്. ജനാധിപത്യത്തിന്റെ അടിസ്ഥാനവും ചരിത്ര പശ്ചാത്തലവും ഭാരതീയ സംസ്കൃതിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. നാനാത്വത്തിൽ അടിയുറച്ച ജനാധിപത്യമായി നിലനില്ക്കുന്ന ചരിത്രപരമായ സംസ്കൃതിയുടെ പാരമ്പര്യമാണത്. ചരിത്രപരമായ ഭാരതീയ സംസ്കൃതിയുടെ ബലമാണ് ഭാരതത്തിന്റെ ജനാധിപത്യം.

ഭാരത സംസ്കൃതിയുടെ അടിസ്ഥാനം വേദങ്ങളും, ഉപനിഷത്തുകളും, ഇതിഹാസങ്ങളും, പുരാണങ്ങളുമാണ്. ഗുരുവും ശിഷ്യനും തമ്മിലുള്ള ആശയസംവാദത്തിലൂടെയാണ് നമ്മുടെ സാംസ്കാരിക പൈതൃകം രൂപം കൊണ്ടത്. അതിൽ വിയോജിക്കാനുള്ള അവകാശവും സഹിഷ്ണതയും സഹനശക്തിയും ഉണ്ട്. ഇതാണ് സംഘഷാരഹിതമായ ഇന്ത്യയെ രൂപപ്പെടുത്തിയത്. മഹാത്മജിയെ ഇത് സ്വാധീനിച്ചു. അങ്ങനെ അഹിംസാ പ്രസ്ഥാനത്തിലൂടെ ഒരു സ്വതന്ത്രസമരശൈലിക്ക് രൂപം നൽകി. ഡോ. അംബേദ്കറിന്റെ നേതൃത്വത്തിലൂടെ ഉടലെടുത്ത ഇന്ത്യൻ ഭരണഘടനയിൽ ഉള്ള രണ്ട് അടിസ്ഥാന മൂല്യങ്ങളാണ് സഹിഷ്ണുതയും വിയോജിക്കാനുള്ള പൗരന്റെ അവകാശവും. ഭരണഘടനയിൽ എല്ലാ വിശ്വാസങ്ങളും ഉൾക്കൊള്ളാനാകുന്ന മതനിരപേക്ഷത കൃത്യമായി രേഖപ്പെടുത്തപ്പെട്ടു. ഇതാണ് നമ്മുടെ സംസ്കൃതി. എന്നാൽ ഈ രണ്ട് മൂല്യങ്ങളും ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നു. പരസ്പരബഹുമാനത്തോടെ ജീവിക്കേണ്ടവരാണ് ഭാരതീയർ എന്ന തത്വം ബലികഴിക്കപ്പെടുന്നു. സമീപകാല സംഭവങ്ങൾ, ദാദ്രി സംഭവമുൾപ്പെടെയുള്ളവ ഇന്ത്യൻ ജനാധിപത്യത്തിനും സഹിഷ്ണുതയ്ക്കും വിരുദ്ധമാണ്. കേരള ഹൗസ്-ൽ ഗോമാംസം വിളമ്പുന്നതുമായി ബന്ധപ്പെട്ട പരിശോധനകൾ അസംബന്ധങ്ങളായിരുന്നു. കർക്കശമായ നിലപാട് പാലിക്കേണ്ടവർ രാഷ്ട്രീയവൽക്കരിക്കാൻ പാടില്ലായിരുന്നു. ഗോമാംസം ഉപേക്ഷിക്കാതെ മുസ്ലീമുകൾക്ക് ഇന്ത്യയിൽ ജീവിക്കാനാകില്ല എന്ന പ്രസ്താവന ബി.ജെ.പി നേതൃത്വത്തിൽ നിന്ന് തന്നെ ഉണ്ടായി. സംശയത്തിന്റെ പേരിൽ മുസ്ലീമുകളെ തല്ലിക്കൊന്നത് ശരിയായില്ല എന്നാണ് ലാഘവബുദ്ധിയോടെ ചിലർ പ്രതികരിച്ചത്. അതിനർത്ഥം ഗോമാംസം കഴിച്ചു എന്ന് ബോദ്ധ്യപ്പെട്ടാൽ കൊല്ലാവുന്നതാണ് എന്നാണോ?.

മുൻകാലങ്ങളിലും ഇത്തരം അസഹിഷ്ണുതകൾ ഉണ്ടായിട്ടുണ്ട്. 1984-ലെ കലാപത്തിൽ വളരെയധികം സിക്ക് സഹോദരങ്ങൾ കൊല്ലപ്പെട്ടിരുന്നു. എന്നാൽ ഭരണനേതൃത്വത്തിന്റെ പിന്തുണയോടെ ഇത്തരം അസഹിഷ്ണുത ഇന്ത്യയിൽ നടക്കുന്നു എന്നതാണ് ഇന്നു ആശങ്കയുണ്ടാക്കുന്നത്. എൻഡിഎ ഭൂരിപക്ഷം നേടി ഭരിച്ച നാളിൽ വാജ്പേയി ഇത്തരം സാഹചര്യങ്ങളെ അപലപിച്ചിട്ടുണ്ട്. എന്നാൽ ഇന്നത്തെ നേതൃത്വം



മൗനം പാലിക്കുകയും അപലപിക്കാൻ പോലും തയ്യാറാകാതെ അനുകൂലിക്കുന്നു എന്നത് ഉത്കണ്ഠാജനകമാണ്. നമ്മുടെ നാട്ടിൽ വളർന്നു വരുന്ന അസഹിഷ്ണുതയ്ക്കു ഭരണകൂടം പിന്തുണ നല്കുന്നു. ദാദ്രി സംഭവം നടന്നയുടനെ പ്രതികരിക്കേണ്ടതിനും നടപടി എടുക്കേണ്ടതിനും പകരം നാളുകൾക്ക് ശേഷം മാത്രം അസഹിഷ്ണുത അനുവദിക്കില്ല എന്ന് ഭരണനേതൃത്വം പറഞ്ഞതിനർത്ഥം ഒറ്റയ്ക്ക് ഭരണം കിട്ടിയപ്പോൾ സ്വന്തം അജണ്ടകൾ നടപ്പിലാക്കുന്നു എന്നതാണ്. വളർന്നു വരുന്ന അസഹിഷ്ണുത ഇന്ത്യൻ സംസ്കൃതിയുടെ ഭാഗമല്ല. അത് അധികാര രാഷ്ട്രീയത്തിന്റെ ഭാഗമാണ്. ഇതിനെതിരെ ഒരു രാഷ്ട്രീയ നിരപേക്ഷ മുന്നേറ്റം ആവശ്യമാണ് ഇത്തരത്തിലുള്ള ഒരു പ്രതികരണമാണ് ബീഹാറിലുണ്ടായത്.

ദേശീയത, മതനിരപേക്ഷത, ഭാരത സംസ്കൃതി എന്നിവയെ ആധുനിക സമൂഹം എങ്ങനെ ഉൾക്കൊള്ളുന്നു എന്ന് മനസ്സിലാക്കണം. സാമൂഹിക ജീവിതത്തിൽ മാറ്റം വന്നിരിക്കുന്നു. ഇതിന്റെ പ്രധാന കാരണം ആഗോളവൽക്കരണമാണ്. കമ്പോളസംസ്കാരം നമ്മുടെ മൂല്യങ്ങളെ ബാധിച്ചിട്ടുണ്ട്, അത് സമൂഹത്തിന്റെ ആത്മാവിനെ തന്നെ തകർത്തുകൊണ്ടിരിക്കുന്നു. ഫ്രാൻസിസ് മാർപാപ്പായുടെ നിരീക്ഷണങ്ങളും സഭയുടെ സമീപകാല ഇടപെടലുകകളും ഇത്തരുണത്തിൽ പ്രസക്തമാണ്. സനാതന ധർമ്മങ്ങൾക്കുപകരം സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ് എന്ന ആശയം ഉയർന്നു വന്നിട്ടുണ്ട് ഇതെല്ലാം ന്യൂജനറേഷനെ സ്വാധീനിച്ചിരിക്കുന്നു. ഭാരതം ഒരു തിയറോക്രാറ്റിക് സ്റ്റേറ്റ് ആയി മാറാൻ പാടില്ല. ബഹുസ്വരത അതിന്റെ കാതലാണ്. ഓരോ പൗരനും തന്റെ വിശ്വാസം തിരഞ്ഞെടുക്കാനും, വിശ്വസിക്കാനും, ജീവിക്കാനും, പ്രഖ്യാപിക്കാനും അവകാശമുണ്ട്. വിശാലതയാണ് ഭാരത സംസ്കാരത്തിന്റെ മുഖമുദ്ര. തോമാശ്ലീഹായ്ക്ക് ഇവിടെ ഏററവും നല്ല സ്വീകരണം കിട്ടി. ലോകത്തുള്ള സകല പ്രത്യയശാസ്ത്രങ്ങളോടും വിശ്വാസങ്ങളോടും തുറന്ന മനസ്സ് കാണിക്കുന്ന വിശാലത, അതാണ് ഇന്ത്യ.

# അസഹിഷ്ണുത അന്യമായ നാട്

**(“ഭാരതസംസ്കൃതിയും അസഹിഷ്ണുതയുടെ രാഷ്ട്രീയവും” എന്ന വിഷയത്തിൽ കെ.സി.ബി.സി ഐക്യ ജാഗ്രതാകമ്മീഷൻ 2015 നവംബർ 14–ന് പി.ഒ.സി.യിൽ സംഘടിപ്പിച്ച സംവാദത്തിൽ അഡ്വ. പി. എസ്. ശ്രീധരൻപിള്ള അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം.....)**

**അ**സഹിഷ്ണുത അന്യമെന്ന് ഉറച്ചും ഉറപ്പിച്ചും കരുതുന്നവരാണ് ഭാരത സമൂഹം. നാനാത്വത്തിൽ ഏകത്വം എന്നത് നമ്മുടെ മുഖമുദ്രയാണ്. ഇപ്പോഴത്തെ അനാവശ്യമായ അസഹിഷ്ണുതാ വിവാദത്തിനു പിന്നിൽ ഭാരതത്തിന്റെ മുന്നേറ്റത്തെ തടയാനാഗ്രഹിക്കുന്ന വിധ്വംസക ശക്തികളാണുള്ളത്. ലോകത്ത് അറിയപ്പെട്ട 12 മതങ്ങൾക്കും വളരാനും വികസിക്കാനുമൊക്കെ അവസരമുണ്ടാക്കിക്കൊടുത്ത നാടാണ് നമ്മുടേത്. ഇവിടെ മതത്തിന്റെ പേരിൽ ആരെങ്കിലും വേട്ടയാടപ്പെടുകയോ ആട്ടിയോടിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. ഈ നാടിന്റെ മഹത്തായ സംസ്കൃതിയുടെ പേരാണ് ഹിന്ദുമതം. അത് ഒരു മതസംജ്ഞയല്ല. മറിച്ച് ദേശ സംജ്ഞയാണെന്ന് 1995–ൽ സുപ്രീം കോടതി മൂന്നംഗബെഞ്ച് വിധിച്ചിട്ടുള്ളതാണ്.

ബി.ജെ.പി. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ വ്യക്തമായ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നതിനെ ഒരുനിലയ്ക്കും അംഗീകരിക്കാതെ അതിനെ അസഹിഷ്ണുതയോടെ നോക്കിക്കാണുന്ന ഒട്ടേറെപ്പേർ നാട്ടിലുണ്ട്. ബി.ജെ.പി വിരുദ്ധ പാർട്ടികളും ഒരു വിഭാഗം മാധ്യമങ്ങളും കുറച്ച് കലാ–സാഹിത്യപ്രവർത്തകരും, ചില ന്യൂനപക്ഷ നേതാക്കന്മാരുമൊക്കെ കൂട്ടുചേർന്ന് കേന്ദ്ര സർക്കാരിനെയും രാജ്യത്തെയും ദുർബലമാക്കാൻ ശ്രമിക്കുകയാണ്. അസഹിഷ്ണുതയുടെ വളർത്തുകേന്ദ്രമായി ലോകം ഭാരതത്തെ കാണട്ടെ എന്നതാണ് പലരുടെയും നിലപാട്. പ്രധാനമന്ത്രി നരേന്ദ്രമോദി ലോകരാജ്യങ്ങളെ ഭാരതത്തിനു അനുകൂലമാക്കി യൂ.എൻ രക്ഷാസമിതിയിൽ സ്ഥിരാംഗത്വത്തിന് കളമൊരുക്കുന്ന കഠിനാദ്ധ്വാനത്തിലാണുള്ളത്. എന്നാൽ മതിയായ യാതൊരുവിധ കാരണങ്ങളോ തെളിവുകളോ ഇല്ലാതെ ബോധപൂർവ്വം കുപ്രചാരണങ്ങൾ അഴിച്ചുവിട്ട് ജനമനസ്സുകളിൽ വിദ്വേഷം വാരിവിതറി വിളവെടുപ്പിനാണ് ചിലർ ശ്രമിക്കുന്നത്. ഇപ്പോൾ ആസൂത്രിതമായി അസഹിഷ്ണുതാ പ്രശ്നങ്ങളുയർത്തി അഴിച്ചുവിട്ടിട്ടുള്ള നുണപ്രചാരണങ്ങൾ നാടിനകത്തും പുറത്തും രാജ്യതാൽപ്പര്യങ്ങൾക്ക് ദോഷകരമാണ്.

ഹിന്ദുത്വം ഭാരതത്തിന്റെ ആത്മാവാണ്. അത് കേവലം രാഷ്ട്രീയ വിപണിയിലെ ഉൽപ്പന്നമാക്കാൻ സംഘപരിവാർ പ്രസ്ഥാനങ്ങൾ ഒരിക്കലും ആഗ്രഹിക്കുന്നില്ല. നാടിന്റെ ചരിത്രത്തെക്കുറിച്ച് പ്രാഥമിക പരിജ്ഞാനമുള്ള ആരും തന്നെ അസഹിഷ്ണുതയെ ആർ.എസ്.എസ് പ്രോത്സാഹിപ്പിക്കുമെന്ന് കരുതില്ല. മറ്റ് വിശ്വാസങ്ങളോട് അസഹിഷ്ണുത പുലർത്തുന്നവന് ഹിന്ദുവാകാൻ കഴിയില്ല. എന്നാണ് ഗുരുജി ഗോൾവേൾക്കർ വ്യക്തമാക്കിയിട്ടുള്ളത്. മതഭരണകൂടവാദം ഭാരതത്തിനന്യമാണെന്ന് ജനസംഘ സ്ഥാപകൻ ഡോ. ശ്യാമപ്രസാദ് മുഖർജി പ്രഖ്യാപിച്ചിട്ടുള്ളത്. ഇതൊന്നും അറിയാനോ ഉൾക്കൊള്ളാനോ കപടമതേതരക്കാർ തയ്യാറല്ലെന്നതാണ് ദു:ഖസത്യം. ആസ്തികനും നാസ്തികനും സത്യാന്വേഷണത്തിൽ സ്വതന്ത്രവും നിർഭയവുമായി തന്റേതായ മാർഗം അവലംബിക്കാൻ നൂറ്റാണ്ടുകളായി അവകാശം അനുഭവിച്ചുവരുന്ന നാടാണ് ഭാരതം. 1975 ലെ ഭരണഘടനാ ഭേദഗതിക്കു മുൻപും ഇവിടെ മതസ്വാതന്ത്ര്യം ഏവർക്കുമുണ്ടായിരുന്നു. രാഷ്ട്രീയ കങ്കാണിമാരുടെ സംഭാവനയായി നമ്മുടെ മതനിരപേക്ഷതയെ കാണുന്നതു ഭോഷത്തമാണ്. മതനിരാസമാക്കി അവതരിപ്പിച്ച് അംഗീകരിക്കപ്പെട്ടതിന്റെ ദോഷം നമ്മെ വേട്ടയാടുകയാണ്. ഭാരതം സടകുടഞ്ഞെഴുന്നേറ്റ് 21–ാം നൂറ്റാണ്ട് നമ്മുടേതാക്കാൻവേണ്ടി കുതിച്ചുപായുമ്പോൾ കല്ലുവെച്ച നുണകളും കുപ്രചാരണങ്ങളുമായി ശകുനം മുടക്കാൻ ഇറങ്ങിപുറപ്പെട്ടിട്ടുള്ള ദുഷ്ടശക്തികളെ ജനങ്ങൾ തിരിച്ചറിയുകയും ചെറുത്തു തോൽപ്പിക്കുകയുമാണു വേണ്ടത്.




ഇന്ത്യൻ ഭരണഘടനയിൽ ഗോവധനിരോധാനം ആർ.എസ്.എസ് കാർ എഴുതിച്ചേർത്തതല്ല. 23 സംസ്ഥാനങ്ങളിൽ അത് നടപ്പാക്കിയതു ബി.ജെ.പി അല്ല. കേരളത്തിൽ ബീഫ് വിവാദം ഉണ്ടാക്കിയത് ബി.ജെ.പി. യോ ആർ.എസ്.എസോ അല്ല, രാഷ്ട്രീയ പാർട്ടികൾ ബോധപൂർവം സൃഷ്ടിച്ചെടുത്തതാണ്. ബി.ജെ.പി ക്കെതിരെ രാഷ്ട്രീയ പ്രചരണം നടത്തുന്നതിന്റെ ഭാഗമാണിത്. ഇന്ത്യയുടെ സ്വഭിമാനം വീണ്ടെടുക്കാനുള്ള ശ്രമമാണ് ബി.ജെ.പി. നടത്തുന്നത്. രാഷ്ട്രീയപാർട്ടികളുടെ അധികാര മോഹം ഒരു വീട്ടുമൃഗമായിരുന്ന പശുവിനെ രാഷ്ട്രീയ മൃഗമാക്കി. അവാർഡുകൾ മടക്കികൊടുക്കുന്നതിൽ രാഷ്ട്രീയമായ ദുരുദ്ദേശമുണ്ട്. ഗോഡ്സേയുടെ ചരമദിനം ആർ.എസ്.എസ്. ആഘോഷിക്കാൻ പോയാൽ ഞങ്ങളാരും ബി.ജെ.പി യിൽ ഉണ്ടാകില്ല. ഭയപ്പെടേണ്ടതായി ബി.ജെ.പി യിൽ ഒന്നുമില്ല. ഒരു ചരിത്ര പുനർനിർമ്മാണം ആവശ്യമാണ്. വോട്ടിനപ്പുറത്ത് ചിന്തിക്കുന്ന സമൂഹമുണ്ടാകണം. രാഷ്ട്രീയ വ്രണം പേറുന്നവരാണ് പശുവിനെ രാഷ്ട്രീയ മൃഗമായി മാറ്റിയിരിക്കുന്നത്. എല്ലാ മതങ്ങളേയും ഒരുപോലെ കാണണം. ഭാരതീയസംസ്കൃതി ആഗോളവത്ക്കരിക്കാൻ പാടില്ല. ഇന്ത്യയുടെ വൈവിധ്യത്തിലെ ഏകത്വം മറ്റു രാഷ്ട്രത്തലവൻമാർ പോലും പുകഴത്തിയിട്ടുണ്ട് മാർഗരറ്റ് താച്ചർ റഷ്യയിലെ ഗോർബർച്ചോവിനോട് ഇന്ത്യയെ കണ്ട് പഠിക്കാനാണ് പറഞ്ഞത്. ഈ വൈവിധ്യങ്ങൾ വൈരുദ്ധ്യമാകാതെ ശ്രദ്ധിക്കണം. മന:പൂർവ്വം ചരിത്രസത്യങ്ങൾ മറച്ചുവക്കാനും ഇല്ലായ്മചെയ്യാനുമുള്ള പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. കപൂർ കമ്മീഷൻ റിപ്പോർട്ടും ഷാ കമ്മീഷൻ റിപ്പോർട്ടും എവിടെയാണ്. ആകയാൽ ഒരു ചരിത്ര പുനർ പരിശോധന ആവശ്യമാണ്.

# ഇന്ത്യ എന്ന ആശയത്തിന്റെ കാഴ്ചപ്പാട് മാറുകയാണോ?

**(“ഭാരതസംസ്കൃതിയും അസഹിഷ്ണുതയുടെ രാഷ്ട്രീയവും” എന്ന വിഷയത്തിൽ കെ.സി.ബി.സി ഐക്യ ജാഗ്രതാകമ്മീഷൻ 2015 നവംബർ 14-ന് പി.ഒ.സി.യിൽ സംഘടിപ്പിച്ച സംവാദത്തിൽ റവ. ഡോ. പോൾ തേലക്കാട്ട് അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം.....)**

ഇന്ത്യൻ സംസ്കാരവും ഇന്ത്യൻ ജനതയും ആപത്തിലേക്ക് പോകുന്നു. എന്നതാണ് ഇന്ത്യൻ പൗരന്റെ ഇന്നത്തെ ആശങ്ക. ഇന്ത്യയുടെ മഹത്വ പൂർണ്ണമായ അനന്യത അതിന്റെ ധർമ്മ ബോധമാണ്. അപരനോട് ചോദിക്കുന്നത് ധർമ്മമാണ്. നാം ധർമ്മത്തിനുവേണ്ടി യാചിക്കുന്നവരാണ്. ധർമ്മത്തിന്റെ നാട് എന്നതിൽ നിന്ന് നാം വ്യതിചലിച്ചിരിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രതിസന്ധി ഉരുണ്ടു കൂടുന്നു. നമ്മുടെ കാഴ്ചപ്പാടിൽ മാറ്റം വരണം. നാം ഒരു paradigm change ന്റെ വേദന ഇന്ന് അനുഭവിക്കുന്നു. ഇന്ത്യ എന്ന ആശയത്തെക്കുറിച്ചുള്ള ആകുലത ഇന്ന് നമുക്കുണ്ട്. ഇന്ത്യ എന്ന ആശയത്തിന്റെ കാഴ്ചപ്പാട് മാറുകയാണോ? ടാഗോർ, നെഹ്രു, ഗാന്ധിജി എന്നിവർ നവോത്ഥാനത്തിന്റെ കാഴ്ചപ്പാടോടെ ഇന്ത്യയെ കണ്ടെത്തിയവരാണ്. ഈ കാഴ്ചപ്പാടിൽ നിന്ന് മാറ്റം വരുകയാണോ?. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, പുലയൻ, പറയൻ എല്ലാവർക്കും ഒരു വോട്ടാണ്. ആർ. എസ്.എസ് നേതാക്കൾ ജനാധിപത്യത്തിൽ വിശ്വസിച്ചവരല്ല, “ഘർ വാപസി” യിൽ വിശ്വസിച്ചവരാണ്. അവർ തിരിച്ചു പോക്ക് ആശിച്ചവരാണ്. “ഘർ വാപസി” എന്ന ആശയത്തിലൂടെ നാം പുറകോട്ട് പോകുകയാണോ? ഇന്ത്യ എന്ന സങ്കല്പം പഴയ അപരിഷ്കൃത അവസ്ഥയിലേക്ക് നമ്മെ നയിക്കുകയാണോ എന്ന ആശങ്കയുണ്ട്. ബ്രാഹ്മണന്റെയും ക്ഷത്രിയന്റെയും അടുക്കളയിലെ നിയമം രാജ്യത്തിന്റെ പൗരന്മാരുടെമേൽ അടിച്ചേൽപ്പിക്കുകയാണോ എന്ന ആശങ്കയും ഉണ്ട്. ‘ഇല്ല’ എന്നു പറയേണ്ടത് ഭരിക്കുന്നവരും തലപ്പത്തുള്ള പ്രാധാനമന്ത്രിയുമാണ്. മരണത്തിനും ജീവനുമിടയ്ക്കുള്ള മൗനം കുറ്റകരമാണ്. ഇന്ന് സ്വപ്നം കാണുന്ന നവ ഭാരതത്തിന്റെ സ്വത്വം എന്തായിരിക്കും? വിയോജിക്കാനുള്ള അവകാശങ്ങളും ജനാധിപത്യമൂല്യങ്ങളും ഉണ്ടാകുമോ?

ആഗോളവത്ക്കരണം കച്ചവടജീവതമാണ്. അത് സംസ്കാരത്തിന് യോജിച്ചതല്ല. ഇന്ന് ലോകത്തിൽ എല്ലായിടത്തും പ്രതിസന്ധിയാണ്. മൗലികവാദം മതത്തെ തീവ്രമാക്കുന്നു. മതത്തിൽ അസുരതയുടെ ആഘോഷവും ഉന്മാദവുമുണ്ട്. മതവിശ്വാസത്തിന്റെ പേരിൽ 21 കോപ്റ്റിക് ക്രൈസ്തവരെ കഴുത്തറുത്ത് കൊന്നൊടുക്കിയപ്പോഴും ബാബ്റി മസ്ജിദ് തകർത്തപ്പോഴും ഗോമാംസത്തിന്റെ പേരിൽ തല്ലിക്കൊല്ലാൻ പോയപ്പോഴും ഈ ഉന്മാദമാണ് നാം ദർശിച്ചത്. അപരനുവേണ്ടി വാതിൽ തുറക്കുക. ഭാരതത്തിന്റെ സാംസ്കാരിക ഭാവം സ്വാത്വികമാണ്, അസുരതയല്ല. മതനിരപേക്ഷ രാഷ്ട്രത്തിനുവേണ്ടി നിലകൊള്ളണം, വർഗ്ഗീയതയെ വർഗ്ഗീയത കൊണ്ട് നേരിടാനാവില്ല. കേരളത്തിലെ സാമൂഹിക അന്തരീക്ഷം മാറുകയാണ്. പരസ്പരമുള്ള വൈരം വർദ്ധിക്കുകയാണ്. ഇതിനെതിരെ നിലപാടെടുക്കണം, ശശികല ടീച്ചർ ഇന്ന് പരക്കെ സ്വീകാര്യയായിരിക്കുന്നത് എന്തുകൊണ്ട്. നമ്മൾ ആദ്യം ഭാരതീയരാണ്, പിന്നീടാണ് ഹിന്ദുവും, ക്രിസ്ത്യാനിയും മുസ്ലീമുമാകുന്നത്. ആത്മീയതയുള്ള മതമല്ല ഇന്നു വളരുന്നത്. എതു മതത്തിൽപ്പെട്ടവരും ഭാരതത്തിന്റെ ആത്മാവിനു ചേർന്നവിധം തങ്ങളുടെ മതാത്മകതയെ രൂപപ്പെടുത്തണം.



ബി.ജെ.പി. ഭരണത്തിൽ ഭൂരിപക്ഷ വോട്ട് മുഖേന കടന്നു വന്നു ജനങ്ങൾ അവരുടെ ഗൃഹാതുരത്വം മൂലം പാരമ്പര്യത്തിലേക്ക് മടങ്ങാനാഗ്രഹിക്കുന്നു. പക്ഷേ അത് മൂല്യത്തിലേക്കുള്ള മടക്കമല്ലാതായിമാറിയിരിക്കുന്നു. ‘അതിഥി ദേവോ ഭവാ എന്നതിൽ നിന്നും, ‘ധർമ്മം തരണേ’ എന്ന സംസ്കാരത്തിൽ നിന്നും പിന്തിരിഞ്ഞ് നം ഭീകരതയുണ്ടാക്കുന്നു. അക്രമം, മതനിഷേധം എന്ന അടിസ്ഥാന തത്ത്വത്തിൽനിന്ന് മാറി മാർക്സിസ്റ്റ് പാർട്ടി പോലും ഇന്ന് ജനാധിപത്യ പാർട്ടിയായിമാറിക്കൊണ്ടിരിക്കുന്നു.. ബി.ജെ.പി ജനാധിപത്യ വഴിയിലൂടെ ചരിക്കണം. നിയന്ത്രിക്കേണ്ടവ നിയന്ത്രിക്കാൻ ബോധവും വിവേകവും ഉള്ളവർ ഉണ്ടാകണം. എന്നാൽ നമ്മുടെ നീക്കം അതിലേക്കല്ല എന്ന ആശങ്കയുമുണ്ട്.

# ഇന്ത്യയുടെ ആത്മാവിനെ ഇനിയും അന്വേഷിക്കേണ്ടിയിരിക്കുന്നു

**(“ഭാരതസംസ്കൃതിയും അസഹിഷ്ണുതയുടെ രാഷ്ട്രീയവും” എന്ന വിഷയത്തിൽ കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ 2015 നവംബർ 14-ന് പി.ഒ.സി. യിൽ സംഘടിപ്പിച്ച സംവാദത്തിൽ മോഡറേറ്റർ റവ. ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തിയ നിരീക്ഷണങ്ങളുടെ സംക്ഷിപ്തം...)**



**ഭാ**രതം നമ്മുടെ അമ്മയാണ്. മക്കളെന്ന നിലയിൽ നാം അമ്മയെ സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ്. ആയതിനാൽ നമ്മുടെ സംസ്കൃതിയെക്കുറിച്ചുള്ള സംവാദം ആവശ്യമാണ്. സംവാദം എന്നതിനു പകരം സംഭാഷണം. സംഭാഷണങ്ങളുടെ കൈമാറ്റം എന്നതാണ് കൂടുതൽ ഉചിതമായ പദം. ഇത് അറിയുവാനും അറിയിക്കാനുമുള്ള വേദിയാണ്. തർക്കിച്ച് വിജയിക്കാനോ തോല്പ്പിക്കാനോ വേണ്ടിയുള്ള ഒരു വേദിയല്ല.

ഭാരതീയ സംസ്കൃതി എന്താണ്? അസഹിഷ്ണുത നമ്മുടെ ശീലമാണോ? അഹിംസയുടെ പാരമ്പര്യമുള്ള നമുക്ക് സഹിഷ്ണുത ഉണ്ടെന്നു പറയാനാകുമോ? അടിസ്ഥാനപരമായി ഭാരതീയ സംസ്കൃതിക്ക് മാറ്റം വരുന്നുണ്ടോ? അതോ ഒരു രാഷ്ട്രീയപരമായ പ്രതിഭാസം മാത്രമാണോ? മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾ നമ്മൾ തന്നെയല്ലെ? മറ്റേതൊരു രാജ്യത്തേയും പോലെ തന്നെ അസഹിഷ്ണുതയും അക്രമവാസനയും നമുക്കും ഉണ്ടായതു കൊണ്ടല്ലേ ഗാന്ധിജി അഹിംസാസിദ്ധാന്തം ഉയർത്തി കാണിച്ചത്? അസഹിഷ്ണുതയുടെ പ്രവണതകൾ എന്നും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ എന്തുകൊണ്ട് ഇങ്ങനെ?

ഇന്ത്യയുടെ ആത്മാവ് എന്താണ് എന്ന അന്വേഷണം ഇന്നു നടക്കുന്നു. ആഗോളവൽക്കരണം എത്രമാത്രം ഭാരതസംസ്കൃതിയെ സ്വാധീനിക്കുന്നുണ്ട്? പുതിയ തലമുറയുടെ കാഴ്ചപ്പാടുകളും, വിലയിരുത്തലുകളും നെഹ്റു, ഗാന്ധി, സർദാർ വല്ലഭായ്പട്ടേൽ എന്നിവരുടേതിൽനിന്ന് അല്പം വ്യത്യസ്തമാണ്. കൊളോണിയൽ രാഷ്ട്രങ്ങളിൽ എല്ലായിടത്തും സ്വാതന്ത്ര്യാനന്തര സംസ്കൃതിയുടെ അന്വേഷണം നടന്നിട്ടുണ്ട്. ലോകത്തിൽ 70 ക്രിസ്ത്യൻ രാജ്യങ്ങളും 40-ഓളം മുസ്ലീം രാജ്യങ്ങളും ഉണ്ടെന്നവകാശപ്പെട്ടപ്പോൾ ഇന്ത്യ ഒരു ഹിന്ദുമതാധിഷ്ഠിത രാജ്യം എന്നത് സ്വാഭാവികമല്ലേ? ഭാരതത്തിന്റെ സ്വത്വം അന്വേഷിക്കേണ്ടതാണ്. അത് മതാധിഷ്ഠിതമാകണോ, ജനാധിപത്യമാകണോ എന്നും അന്വേഷിക്കേണ്ടതുണ്ട്. 21-ാം നൂറ്റാണ്ട് മതത്തിന്റെ നൂറ്റാണ്ടാണെന്ന് പറയപ്പെടുന്നു. എന്നാൽ ആത്മീയതയുടെ മതമല്ല വളരുന്നത്. ഭാരതത്തിന്റെ ആത്മാവിനെ കണ്ടെത്തുന്ന മതാത്മകത വളർത്തിയെടുക്കേണ്ടയിരിക്കുന്നു.

# ഭീകരതയ്ക്കെതിരേ ഉണരുന്ന ലോക മനഃസാക്ഷി

**ഭീ**കരതയ്ക്കെതിരേ ലോകമനഃസാക്ഷി ഉണരുന്നതിന്റെ വ്യക്തമായ സൂചനയാണ് ഇസ്ലാമിക് സ്റ്റേറ്റിനെ തോല്പിക്കാനും ഇനി ഭീകരാക്രമണം ഉണ്ടാകുന്നതു തടയാനും ലോകരാഷ്ട്രങ്ങൾ ഒന്നിക്കണമെന്ന ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ ഐകകണ്ഠ്യേനയുള്ള ആഹ്വാനം. പാരീസിൽ 130 പേരുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഫ്രഞ്ച് പ്രതിനിധി യുഎൻ രക്ഷാസമിതിയിൽ അവതരിപ്പിച്ച പ്രമേയത്തെ എല്ലാ രാജ്യങ്ങളും പിന്തുണയ്ക്കുകയായിരുന്നു. പാശ്ചാത്യചേരിയിൽപ്പെട്ട രാജ്യങ്ങൾ കൊണ്ടുവരുന്ന പ്രമേയങ്ങളെ സാധാരണ എതിർക്കാറുള്ള റഷ്യയും ചൈനയും ഐ എസിനെതിരായ പ്രമേയത്തെ വീറ്റോ ചെയ്തില്ല എന്നതു ശ്രദ്ധേയമാണ്. ഐ എസ് ഭീകരതയുടെ കെടുതികൾ പേറുന്ന രാജ്യങ്ങളാണ് അവയും. ഇറാക്കിലും സിറിയയിലുമുള്ള ഐ എസ് താവളങ്ങൾ തുടച്ചുനീക്കാൻ യുഎൻ പ്രമേയം ലോകരാജ്യങ്ങളെ ആഹ്വാനം ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു ആശയപ്പൊരുത്തവും ഐക്യദാർഢ്യവും സമീപവർഷങ്ങളിലൊന്നും യു എന്നിൽ ഉണ്ടായിട്ടില്ല. മുന്നിലുള്ള ഭീഷണി അത്ര വലുതാണെന്ന ബോധ്യം ലോകരാജ്യങ്ങൾക്കെല്ലാമുണ്ട് എന്നാണല്ലോ അതിനർഥം.

ഐ എസ് ഭീകരത ലോകത്തിനു മുമ്പിലുള്ള നടുക്കുന്ന ഒരു യാഥാർഥ്യമാണ്. ഇന്നത്തെ ലോകസമൂഹം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണത്. അതിനെ ശക്തമായി നേരിടണം എന്നു പറയാൻ എളുപ്പമാണെങ്കിലും പ്രയോഗത്തിൽ വരുത്തുക അത്ര എളുപ്പമല്ല. പശ്ചി മേഷ്യയിലാകെ ആ പ്രസ്ഥാനം വേരുകൾ പടർത്തിക്കഴിഞ്ഞു. ഇന്ത്യയുടെ അയൽരാജ്യങ്ങളായ അഫ്ഗാനിസ്ഥാനും പാക്കിസ്ഥാനും ഐ എസിന്റെ സഹോദരപ്രസ്ഥാനമെന്നു വിശേഷിപ്പിക്കാവുന്ന താലിബാന്റെ വിളയാട്ട ഭൂമികളും ഭീകരതയുടെ പരിശീലനകേന്ദ്രങ്ങളുമാണ്. പാക്കിസ്ഥാനോടു ചേർന്നുകിടക്കുന്ന കാഷ്മീരിൽ മാത്രമല്ല ഇങ്ങു തെക്കേയറ്റത്തുള്ള കേരളത്തിൽപ്പോലും ആഗോള ഭീകരതയുടെ കണ്ണികൾ പല രൂപത്തിലും പേരുകളിലുമായി പടരുന്നുണ്ട്. ഈ ശൃംഖല തകർക്കേണ്ടതു ലോകത്തിന്റെ മുന്നോട്ടുള്ള സുഗമമായ പ്രയാണത്തിനും ജനങ്ങളുടെ സമാധാനത്തിനും ആവശ്യമാണ്. .... **(ദീപിക, 23/11/15)**

# കേരളത്തിലെയും ബിഹാറിലെയും തെരഞ്ഞെടുപ്പുഫലം നല്കുന്ന സന്ദേശം ഉൾക്കൊള്ളണം

**കൊച്ചി:** കേരളത്തിലെയും ബിഹാറിലെയും തെരഞ്ഞെടുപ്പു ഫലങ്ങൾ നല്കുന്ന സൂചന ഉൾക്കൊള്ളാൻ രാഷ്ട്രീയ നേതൃത്വം തയ്യാറാകമെന്ന് കത്തോലിക്കാ കോൺഗ്രസ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ, മലങ്കര കാത്തലിക് അസോസിയേഷൻ എന്നീ സംഘടനകളുടെ ഐക്യവേദിയായ കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന നേതൃയോഗം ആവശ്യപ്പെട്ടു. വികസനത്തെക്കാൾ പ്രധാനം നിലനില്പ് (existance is prior to development) എന്ന സന്ദേശമാണ് ഈ തെരഞ്ഞെടുപ്പുഫലങ്ങൾ നല്കുന്നത്. സമാധാനപൂർണമായ സഹവർത്തിത്വവും സാമുദായിക സൗഹാർദവും തകർത്തുകൊണ്ടു പുരോഗതി കൈവരിക്കാമെന്ന പ്രചരണത്തിനേറ്റ പ്രഹരമാണ് ബീഹാറിലെ തെരഞ്ഞെടുപ്പുഫലം. ജനാധിപത്യ മതേതരത്വമൂല്യങ്ങളോട് ഇന്ത്യൻ ജനത പുലർത്തുന്ന പ്രതിജ്ഞാബദ്ധത ഒരിക്കൽക്കൂടി വ്യക്തമായിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങളോടുള്ള നിലപാടിൽ വ്യക്തത പുലർത്താതിരിക്കുകയും വർഗീയ രാഷ്ട്രീയത്തോട് മൃദുസമീപനം സ്വീകരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ പ്രസക്തി നഷ്ടപ്പെടുമെന്ന സൂചനയാണ് കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുഫലം നല്കുന്നത്. മാധ്യമങ്ങൾ നല്കുന്ന അജണ്ടയ്ക്കപ്പുറത്തേക്ക് കടന്ന് സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും യഥാർത്ഥ പ്രശ്നങ്ങളും വിഷയങ്ങളും ഗൗരവപൂർവം ചർച്ച ചെയ്യാൻ രാഷ്ട്രീയ-ഭരണനേതൃത്വങ്ങൾ തയ്യാറാകണമെന്നും കെസിഎഫ് ആവശ്യപ്പെട്ടു. പി.ഒ.സിയിൽ കൂടിയ യോഗം കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്തു. കെ.സി.എഫ്. സംസ്ഥാനപ്രസിഡന്റ് ഷാജി ജോർജ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് കോട്ടയിൽ, സെക്രട്ടറി മോൺസൺ കെ. മാത്യു, അഡ്വ. ലാലുജോൺ, ശ്രീമതി പ്രഷീല ബാബു എന്നിവർ പ്രസംഗിച്ചു. **(കെസിബിസി, കെ.സി.എഫ്, ദീപിക, 8/11/2015).**

# അസഹിഷ്ണുതയുടെ രാഷ്ട്രീയത്തിന് ഭരണകൂടത്തിന്റെ പിന്തുണ

**കൊച്ചി:** എല്ലാ വിശ്വാസധാരകളെയും ഉൾക്കൊള്ളുന്ന ഭാരതീയ സംസ്കൃതിയുടെ ബലമാണ് ഇന്ത്യൻ ജനാധിപത്യത്തിനുള്ളതെന്നും, എന്നാൽ സമീപകാലത്തു വളർന്നുവരുന്ന അസഹിഷ്ണുത അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായി വളർത്തിക്കൊണ്ടു വന്നതാണെന്നും, ഇതിന് ഇന്ത്യയിലെ ഇന്നത്തെ ഭരണകൂടത്തിന്റെ പിന്തുണയുള്ളതായി ജനങ്ങൾ സംശയിക്കുന്നുവെന്നും അഡ്വ. എൻ.കെ. പ്രേമചന്ദ്രൻ എം.പി. പ്രസ്താവിച്ചു. ഭാരത സംസ്കാരവും അസഹിഷ്ണുതയുടെ രാഷ്ട്രീയവും എന്ന വിഷയത്തിൽ കെസിബിസി ജാഗ്രതാസമിതി സംഘടിപ്പിച്ച സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിയോജിക്കാനും സ്വതന്ത്രമായി ആശയപ്രകാശനം നടത്താനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയും സംസ്കാരവും ഉറപ്പുതരുന്നുണ്ട്. മതാധിഷ്ഠിതമായ ഒരു രാഷ്ട്രസങ്കല്പം ആധുനിക ഭാരതത്തിന് അന്യമാണ്. ഭാരതത്തിൽ വർഗീയതയ്ക്കും അസഹിഷ്ണുതയ്ക്കും സ്ഥാനമില്ലെന്ന് ഡേവിഡ് കാമറോണിനെയല്ല; ഇന്ത്യയിലെ 125 കോടി ജനങ്ങളെയാണ് പ്രധാനമന്ത്രി ബോധ്യപ്പെടുത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

അന്യവിശ്വാസങ്ങളെ മാനിക്കാത്തവനെ ഹിന്ദുവെന്ന് വിളിക്കാൻ പാടില്ലെന്നും മതാധിഷ്ഠിത ഭരണം ഭാരതത്തിന്റെ പരമ്പരാഗതമൂല്യങ്ങൾക്ക് നിരക്കുന്നതല്ലെന്നുമുള്ള നിലപാടാണ് ബി.ജെ.പിയ്ക്കുള്ളതെന്നും രാഷ്ട്രീയ പാർട്ടികളുടെ അധികാരമോഹമാണ് ബി.ജെ.പിക്കെതിരെ മറിച്ചുള്ള ദുഷ്പ്രചരണം നടത്താൻ അവരെ പ്രേരിപ്പിക്കുന്നതെന്നും ബി.ജെ.പി മുൻസംസ്ഥാന പ്രസിഡന്റ് അഡ്വ. പി.എസ്. ശ്രീധരൻപിള്ള പറഞ്ഞു. ഗോവധനിരോധനം ഭരണഘടനയിൽ എഴുതിച്ചേർത്തതും 23 സംസ്ഥാനങ്ങളിൽ അതു നടപ്പിലാക്കിയതും ബി.ജെ.പിയല്ല. ബീഫ് നിരോധന വിവാദം മറ്റു രാഷ്ട്രീയ പാർട്ടികൾ ബോധപൂർവം സൃഷ്ടിച്ചെടുത്തതാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ മഹത്വപൂർണമായ അനന്യത അതിന്റെ ധർമബോധമാണെന്നും അതാണ് ഇന്ത്യയുടെ രാഷ്ട്ര ധർമ്മത്തിന്റെ അടിത്തറയെന്നും ഫാ. പോൾ തേലക്കാട്ട് പറഞ്ഞു. ഇന്ത്യയെന്ന ആശയത്തെ കുറിക്കുന്ന കാഴ്ചപ്പാടുകൾ മാറുകയാണോ എന്ന ആശങ്കയുണ്ട്. ഭാരതത്തിന്റെ നവോത്ഥാന നേതാക്കൾ കണ്ടെത്തിയ ഇന്ത്യ ബ്രാഹ്മണനും ചണ്ഡാലനും ഒരേ മഹത്വവും ഒരു വോട്ടിന്റെ തുല്യതയും കല്പിച്ച ഉന്നതമായ മാനവികതയുടേതാണ്. ഘർവാപസി ആഗ്രഹിക്കുന്നവർ തിരിച്ചുപോകേണ്ടത് ഈ മാനവികതയിലേക്കാണ്. മതത്തിന് ദൈവികതയോടൊപ്പം ഒരു പൈശാചികമാനവുമുണ്ട് എന്ന് മറക്കരുത്. പൈശാചികമായ ഹർഷോന്മാദം നല്കുന്ന ആസുരതയല്ല, അപരനുവേണ്ടി വാതിൽ തുറക്കുന്ന സാത്വികഭാവമാണ് ഭാരതസംസ്കാരത്തിന്റെ കാതലെന്നും, മതത്തെ ആസുരതയുടെ ആഘോഷമാക്കി മാറ്റുന്നവർ ജനങ്ങളിൽ സ്വത്വബോധമല്ല അപകടകരമായ ഉന്മാദമാണ് സൃഷ്ടിക്കുന്നതെന്നും ഫാ. തേലക്കാട്ട് പറഞ്ഞു. ഫാ. വിൻസെന്റ് കുണ്ടുകുളം, ഫാ. വർഗീസ് വള്ളിക്കാട്ട്, ഡോ. സാജു സി.എസ്.റ്റി, ഡോ. ബിനോയ് പിച്ചളക്കാട്ട് എസ്.ജെ., അഡ്വ. ആന്റണി അമ്പാട്ട്, എന്നിവർ പ്രസംഗിച്ചു. **(കെസിബിസി, ഐക്യജാഗ്രതാ സമിതി, ദീപിക, 17/11/2015).**

# വിദ്യാഭ്യാസരംഗത്തെ സർക്കാർ നിലപാടുകൾക്ക് കനത്ത വില നൽകേണ്ടി വരും

**മാർ ആൻഡ്രൂസ് താഴത്ത്**

**തൃശൂർ:** വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സർക്കാർ കുറ്റകരമായ അനാസ്ഥ കാണിക്കുകയാണെന്നും ഇക്കാര്യത്തിൽ സർക്കാരും മുന്നണിയും സ്വീകരിക്കുന്ന നിലപാടുകൾക്ക് കനത്ത വില നല്കേണ്ടി വരുമെന്നും മാർ ആൻഡ്രൂസ് താഴത്ത് പ്രസ്താവിച്ചു. കെസിബിസി വിദ്യാഭ്യാസകമ്മീഷൻ വിളിച്ചു ചേർത്ത കത്തോലിക്ക കോർപ്പറേറ്റ് മാനേജർമാരുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രതിനിധികളുടെയും സംയുക്തയോഗം ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരെഞ്ഞെടുപ്പുകളിൽ സർക്കാരിനുണ്ടായ തിരിച്ചടിക്ക് വിദ്യാഭ്യാസപ്രശ്നങ്ങളും കാരണമായതായി അദ്ദേഹം ഓർമ്മിപ്പിച്ചു.

സംസ്ഥാനത്തെ അദ്ധ്യാപകരുടെ തസ്തിക നിർണ്ണയമുൾപ്പെടെ പൊതുവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ കൂടുതൽ ശക്തമായ പ്രക്ഷോഭങ്ങൾ ആരംഭിക്കാൻ തൃശ്ശൂർ ബിഷപ്പ് ഹൗസിൽ ചേർന്ന കെസിബിസി വിദ്യാഭ്യാസകമ്മീഷന്റെ വിപുലമായ യോഗം തീരുമാനിച്ചു. നിരവധി വർഷങ്ങളിലായി നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം അംഗീകരിക്കപ്പെടുന്നില്ല. അവർക്ക് വർഷങ്ങളായി ശമ്പളം ലഭിക്കുന്നില്ല. അദ്ധ്യാപകരുടെ അവധി ഒഴിവുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നില്ല. മൂന്നുമാസം വരെയുള്ള അവധികളിൽ നിയമനം നടത്തില്ല തുടങ്ങിയ സർക്കാർ നിലപാടുകൾ വിദ്യാർത്ഥികളുടെ പഠിക്കാനുള്ള അവകാശങ്ങളെ ഹനിക്കുന്നതും വിദ്യാഭ്യാസമേഖലയുടെ ഗുണമേന്മയെയും വിദ്യാലയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതായി യോഗം വിലയിരുത്തി. പ്രശ്ന പരിഹാരത്തിന് സർക്കാർ ആത്മാർത്ഥമായി ശ്രമിക്കുന്നില്ലെന്ന് യോഗം കുറ്റപ്പെടുത്തി. സർക്കാരിന്റെ നൂറു ദിന പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച അദ്ധ്യാപക പാക്കേജും കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതും, അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിന്റെ പരിഷ്കരണവും ഹയർസെക്കന്ററി മേഖലയിലെ ലബ്ബ കമ്മീഷൻ റിപ്പോർട്ടും എവിടെയെത്തി നില്ക്കുന്നു എന്നതും ആർക്കും ഒരു നിശ്ചയവുമില്ല. ഹയർസെക്കൻഡറി മേഖലയിലെ ഏകജാലക സംവിധാനത്തിൽ പിൻവാതിലിലൂടെ കുട്ടികളെ പ്രവേശിപ്പിക്കുന്നതും പാഠപുസ്തകവിതരണത്തിലെ പിഴവുകളും എസ്.എസ്.എൽ. സി. റിസൾട്ടും വിദ്യാഭ്യാസ വകുപ്പിന് നാണക്കേടുണ്ടാക്കി. **(കെസിബിസി, വിദ്യാഭ്യാസകമ്മീഷൻ, ദീപിക, 14/11/2015).**

## സമുദായ നേതാക്കൾ സമൂഹത്തിന്റെ വിവേചനാശക്തിയെ വിലകുറച്ചു കാണരുത്

**കൊച്ചി:** ജാതിയുടെയും മതത്തിന്റെയും പേരിൽ വിദ്വേഷപ്രചരണം നടത്തുന്നവർ സമൂഹത്തിന്റെ വിവേചനാശക്തിയെ വിലകുറച്ചു കാണുകയാണെന്ന് കെസിബിസി ഐക്യജാഗ്രതാസമിതിയുടെ പ്രതിവാര അവലോകനയോഗം വിലയിരുത്തി. ഏതെങ്കിലും സമുദായം സാമൂഹ്യ നീതിക്കുവേണ്ടി ശബ്ദമുയർത്തുന്നത് മറ്റു സമുദായങ്ങൾക്കു ഭീഷണിയല്ല. സാമൂഹികമായോ വിദ്യാഭ്യാസപരമായോ പിന്നാക്കം നില്ക്കുന്ന സമുദായങ്ങൾക്ക് അവർ ആവശ്യപ്പെടുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുര ശുശ്രൂഷാകേന്ദ്രങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ നിയമാനുസൃതം അനുവദിച്ചു നല്കുന്നതിൽ മറ്റു സമുദായങ്ങൾക്ക് എതിർപ്പുണ്ടെന്നു കരുതുന്നില്ല. ഓരോ സമുദായവും ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് മുന്നോട്ടു വരികയാണ് വേണ്ടത്.

വികസനപ്രവർത്തനങ്ങൾക്ക് മുതൽമുടക്കാൻ തയ്യാറുള്ള വിദേശ സർക്കാരുകളെയും വിദേശ വ്യവസായികളെയും പ്രവാസി ഇന്ത്യക്കാരെയും ക്ഷണിക്കുന്നതിനായി പ്രധാനമന്ത്രി തന്നെ നേരിട്ടിറങ്ങിയിരിക്കുന്ന ഇന്നത്തേക്കാൾ ഇതിനു അനുകൂലമായ സമയം ഉണ്ടാകാനില്ല. സംസ്ഥാന സർക്കാരും ഇക്കാര്യത്തിൽ ഏതെങ്കിലും സമുദായത്തോട് വിവേചനം കാട്ടുമെന്നോ ചിലരെ മാത്രം നിരുത്സാഹപ്പെടുത്തുന്ന നയം സ്വീകരിക്കുമെന്നോ കരുതാൻ വയ്യ. നാടിന്റെയും സമുദായത്തിന്റെയും നീതിപൂർവകമായ വളർച്ചയും വികസനവും ലക്ഷ്യം വയ്ക്കുന്നവർ തങ്ങളുടെ ഉത്തരവാദിത്തം നിർവഹിക്കാൻ തയ്യാറാവുകയാണ് വേണ്ടത്. മറ്റു സമുദായങ്ങൾക്കെതിരെ അടിസ്ഥാനമില്ലാത്ത ആരോപണങ്ങളുന്നയിച്ച് സമൂഹത്തിൽ അസഹിഷ്ണുതയും ഭിന്നതയും വളർത്തി രാഷ്ട്രീയ ലാഭം കൊയ്യാൻ ശ്രമം നടത്തുന്നവർ ജനങ്ങളുടെ യുക്തിബോധത്തെയും വിവേചനാശക്തിയെയും വിലകുറച്ചു കാണരുതെന്ന് യോഗം അഭ്യർത്ഥിച്ചു. **(കെസിബിസി, ഐക്യജാഗ്രതാ സമിതി, ദീപിക, 30/11/2015).**

## പശ്ചിമഘട്ടത്തിലെ ക്വാറി ഖനനം: അഴിമതിക്കുള്ള അനുമതി

**കൊച്ചി:** പശ്ചിമഘട്ടമേഖലയിലെ മുഴുവൻ പട്ടയഭൂമിയിലും വ്യവസായികാടിസ്ഥാനത്തിൽ ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് അനുമതി നല്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിയമവിരുദ്ധവും വൻ അഴിമതിക്കു വഴിവയ്ക്കുന്നതുമാണെന്ന് കെസിബിസി ഐക്യജാഗ്രതാസമിതിയുടെ പ്രതിവാര അവലോകനയോഗം വിലയിരുത്തി.

പശ്ചിമഘട്ടമേഖലയിലെ ജനങ്ങൾക്ക് ആശ്വാസവും ആനുകൂല്യവും നല്കുന്നതിനു വേണ്ടിയെടുത്ത തീരുമാനമെന്നു തോന്നാമെങ്കിലും, നിയമസാധുതയില്ലാത്ത ഇത്തരം തീരുമാനങ്ങൾ ഹൈറേഞ്ചുമേഖലയിലെ ജനങ്ങൾക്ക് പ്രയോജനകരമാകുമെന്ന് കരുതാൻ വയ്യ. കുറഞ്ഞ സമയംകൊണ്ട് പരമാവധി ലാഭമുണ്ടാക്കാനിറങ്ങിത്തിരിക്കുന്ന ക്വാറി-ക്രഷർ ഉടമകൾക്കു മാത്രമേ ഈ ഉത്തരവുകൊണ്ട് പ്രയോജനമുണ്ടാവുകയുള്ളൂ. അതുകൊണ്ടുതന്നെ രാഷ്ട്രീയപാർട്ടികൾ കക്ഷിഭേദമെന്യേ സഹകരിച്ചിറക്കിയ ഈ ഉത്തരവിന്റെ ലക്ഷ്യം പകൽപോലെ വ്യക്തമാണ്. പാരിസ്ഥിതിക ആഘാതത്തെ സംബന്ധിച്ച് പഠനം നടത്താതെയും നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് കൃഷിഭൂമിയിൽ വ്യാവസായികാടിസ്ഥാനത്തിൽ ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് അനുമതി നല്കിയിരിക്കുന്നത്. അഴിമതിക്കുള്ള അനുമതിയെന്ന ആക്ഷേപം ക്ഷണിച്ചുവരുത്താനേ ഇത്തരം നടപടികൾ ഉപകരിക്കുകയുള്ളൂവെന്നും യോഗം വിലയിരുത്തി. **(കെസിബിസി, ഐക്യജാഗ്രതാ സമിതി, ദീപിക, 24/11/2015).**

# കുടുംബങ്ങൾക്കു വേണ്ടിയുള്ള സിനഡ് ഭാരതസഭയ്ക്ക് ഉണർവേകും:

**കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**

**തിരുവനന്തപുരം:** കുടുംബങ്ങൾക്കുവേണ്ടിയുള്ള സിനഡ് ഭാരതസഭക്ക് ഉണർവേകുമെന്നു ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷൻ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ. സിനഡംഗങ്ങൾ 24നു മാർപാപ്പയ്ക്കു സമർപ്പിച്ച രേഖയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന ഔദ്യോഗിക പ്രബോധനം അനുസരിച്ച് ഭാരതസഭയിലും കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള കർമപരിപാടികൾ ആവിഷ്ക രിക്കുമെന്നു സിനഡിനുശേഷം ഇന്ത്യയിലെ മാധ്യമങ്ങൾക്കു നൽകിയ പ്രസ്താവനയിൽ മാർ ക്ലീമിസ് ബാവാ പറഞ്ഞു. വെല്ലുവിളികൾക്കപ്പുറത്തു കുടുംബങ്ങൾ സംരക്ഷിക്കപ്പെടണം. ഉപഭോഗ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ഏറിവരുന്ന കടുത്ത വെല്ലുവിളികളുടെ മധ്യേ കുടുംബം എന്ന അടിസ്ഥാന യാഥാർഥ്യം നിലനിൽക്കുക തന്നെ വേണം. ജീവൻ കൈമാറുന്ന ഈ കുടുംബങ്ങളുടെ സംരക്ഷകരാകുവാൻ സഭയിലും സമൂഹത്തിലുമുള്ള എല്ലാവരും തയാറാകണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടാണു ഫ്രാൻസിസ് മാർപാപ്പ കുടുംബത്തിനും വിവാഹത്തിനും വേണ്ടി മെത്രാന്മാരുടെ 14-ാമത് സിനഡ് റോമിൽ വിളിച്ചുകൂട്ടിയത്. എല്ലാ വിഷയങ്ങളിലും കരുണയോടെ ഇടപെടാൻ അജപാലന ശുശ്രൂഷയിലെ എല്ലാവരോടും മാർപാപ്പ ആഹ്വാനം ചെയ്തു. **(ദീപിക, 27/9/2015)**

# ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിന് സമാപനം

**മുംബൈ:** ഭാരത കത്തോലിക്കാ സഭയുടെ വിശ്വാസതീക്ഷ്ണതയ്ക്കു തിളക്കമേകി, കൂട്ടായ്മയുടെ സന്ദേശവുമായി ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിനു ഭക്തിനിർഭരമായ സമാപനം. കാഷ്മീർ മുതൽ കന്യാകുമാരി വരെയുള്ള കത്തോലിക്കാ രൂപതകളുടെ സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും പുതിയ സാക്ഷ്യമായി ഈ ദിവ്യകാരുണ്യ ആഘോഷം. നവംബർ 14-ാം തീയതി ശനിയാഴ്ച മാർപാപ്പയുടെ പ്രത്യേക പ്രതിനിധി കൊളംബോ ആർച്ച്ബിഷപ് കർദിനാൾ ഡോ. മാൽക്കം രഞ്ജിത്തിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച സമൂഹബലിയോടെയാണു ദിവ്യകാരുണ്യ കോൺഗ്രസിനു സമാപനമായത്. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ, പ്രാദേശികമായ വേഷവിധാനങ്ങളോടെ അതാതു രൂപതകളുടെ പതാകയുമായി സമാപന പ്രദക്ഷിണത്തിൽ അണിനിരന്നതു നിറപ്പകിട്ടേകി. **(ദീപിക, 15/11/2015)**

# അർണോസ് പാതിരി കേരളത്തിന്റെ മഹിമ ലോകത്തെ അറിയിച്ചു:

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

**കൊച്ചി:** എഴുത്തിലൂടെ കേരളനാടിന്റെ മഹിമ ലോകത്തെ അറിയിക്കാൻ ശ്രമിച്ച ആചാര്യനാണ് അർണോസ് പാതിരിയെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. സംസ്കൃത, മലയാള സാഹിത്യങ്ങളിൽ തന്റെ ശുശ്രൂഷ തിരിച്ചറിഞ്ഞ് മികവോടെ നിർവഹിക്കാൻ അദ്ദേഹത്തിനായി. "അർണോസ് പാതിരിയുടെ സംഭാവനകൾ സഭയിലും സമൂഹത്തിലും" എന്ന വിഷയത്തിൽ സീറോ മലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ (എൽആർസി) നേതൃത്വത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഗവേഷണ സെമിനാറിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. **(ദീപിക, 5/11/2015)**

# ബലഹീനതയിലേക്ക് ഹൃദയവാതിൽ തുറക്കുക

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**

**കൊച്ചി:** സമൂഹത്തിലെ ഏറ്റവും ബലഹീനരിലേക്കും ദരിദ്രരിലേക്കും, പ്രശ്നസങ്കീർണമായ കുടുംബത്തിലേക്കും, ഹൃദയവാതിലുകൾ തുറക്കാനുള്ള അവസരമാണ് കാരുണ്യവർഷമെന്ന് കെസിബിസി വൈസ് പ്രസിഡന്റ് മാർ ജോസഫ് പെരുന്തോട്ടം. കെസിബിസിയുടെ 21 കമ്മീഷൻ സെക്രട്ടറിമാരുടെയും 24 ഡിപ്പാർട്ടുമെന്റു ഡയറക്ടർമാരുടെയും സീറോമലബാർ, സീറോ മലങ്കര, ലത്തീൻ എന്നീ വ്യക്തിഗത സഭയിലെ വിവിധ കമ്മീഷൻ സെക്രട്ടറിമാരുടെയും പി.ഒ.സി.യിൽ വച്ച് നടന്ന സംയുക്തയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു ആർച്ചുബിഷപ്. ഗാർഹിക തൊഴിലാളികൾ, വിധവകൾ, ഏകസ്ഥർ എന്നിവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാകണമെന്നും അദ്ദേഹം പ്രസ്താവിച്ചു. കരങ്ങളിലെ വിരലുകൾ പോലെ സഭകളും കമ്മീഷനുകളും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിലാണ് ഫലദായകത്വം അടങ്ങിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ശാസ്ത്ര-സാങ്കേതികവിദ്യയുടെ ക്രമാതീതമായ വികാസം ലാഭം മാത്രം നോക്കി ഉപഭോഗമില്ലാത്ത ഉത്പാദനം വർധിപ്പിക്കുന്നതുകൊണ്ട് ലോകം കാരുണ്യമില്ലാത്തതും മനുഷ്യന്റെ സാകല്യനന്മ നോക്കാത്തതും ആയിരിക്കുന്നുവെന്ന് അധ്യക്ഷപ്രസംഗം നടത്തിയ കെസിബിസി സെക്രട്ടറി ജനറൽ ബിഷപ് ജോസഫ് കരിയിൽ നിരീക്ഷിച്ചു. വൈരവും വെറുപ്പും വർധിക്കുന്ന ഇക്കാലത്ത് സ്നേഹത്തിന്റെയും സ്വാഗതമരുളലിന്റെയും ആതിഥ്യത്തിന്റെയും സംസ്കാരം വളർത്താൻ ക്രൈസ്തവർ മുൻകൈ എടുക്കണമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ റവ. ഡോ. പോൾ തേലക്കാട്ട് ആവശ്യപ്പെട്ടു. **(ദീപിക, 12/11/2015)**

# ഭാരതസഭയുടെ കൂട്ടായ്മയും വിശ്വാസതീക്ഷ്ണതയും ആഗോളസഭയ്ക്കു മാതൃക: മാർപാപ്പ

**മുംബൈ:** ഭാരതസഭയുടെ വിശ്വാസതീക്ഷ്ണതയും കൂട്ടായ്മാ മനോഭാവവും ആഗോള കത്തോലിക്കാ സഭയ്ക്ക് മാതൃകയും പ്രചോദനവുമാണെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. മുംബൈയിൽ ആരംഭിച്ച ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിനെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യുമ്പോഴാണ് മാർപാപ്പ ഇക്കാര്യം പറഞ്ഞത്. **(ദീപിക, 13/11/2015)**

# യേശുവിന്റെ കാരുണ്യപ്രവൃത്തികൾ സമർപ്പിതജീവിതത്തിൽ പ്രതിഫലിക്കണം:

**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**

**കൊച്ചി:** എല്ലാ സമർപ്പിതരുടെയും പ്രേഷിത മേഖലയിൽ യേശുവിന്റെ കാരുണ്യപ്രവൃത്തികൾ പ്രതിഫലിക്കണമെന്ന് മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം പി.ഒ.സിയിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം ആഹ്വാനം ചെയ്തു. കരുണയുടെ വർഷം ഒരു ആചരണം മാത്രമല്ല അത് സമർപ്പിതജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറണം - ആർച്ചുബിഷപ് പറഞ്ഞു. **(ദീപിക, 26/11/2015)**

# കേരള കത്തോലിക്കാ സഭ ഡിസംബർ ബൈബിൾ പാരായണമാസമായി ആചരിക്കുന്നു

**തിരുവനന്തപുരം:** കേരള കത്തോലിക്കാസഭ ബൈബിൾ പാരായണമാസം ആചരിക്കുന്നു. കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ ആഹ്വാനമനുസരിച്ചാണ് കേരളത്തിൽ വിവിധ പരിപാടികളോടെ ക്രൈസ്തവ സഭകൾ ഡിസംബർ മാസം ബൈബിൾ പാരായണമാസമായി ആചരിക്കുന്നത്. വീടുകളിലും ദേവാലയങ്ങളിലും ബൈബിൾ പ്രതിഷ്ഠിച്ച് പാരായണം നടത്തുകയും എല്ലാ ക്രൈസ്തവ ഭവനങ്ങളിലും ബൈബിൾ ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ടാണ് ബൈബിൾ പാരായണമാസം ആചരിക്കുന്നത്. ഡിസംബർ 1 മുതൽ 31 വരെ നീണ്ടുനിൽക്കുന്നതാണ് ബൈബിൾ പാരായണ മാസാചരണം. ഡിസംബർ 27നു ബൈബിൾ ഞായറായി ആചരിക്കും. **(ദീപിക, 1/12/2015)**

**സാമൂഹികം**

# മതാചാരപ്രകാരമുള്ള മിശ്രവിഭാഗം സാധുവാകാൻ മതം മാറണം: ഹൈക്കോടതി

**ചെന്നൈ:** ആരാധാനാലയങ്ങളിലോ മതാചാരപ്രകാരമോ നടക്കുന്ന മിശ്രവിവാഹം സാധുവാകണമെങ്കിൽ മതപരിവർത്തനം ചെയ്തിരിക്കകണമെന്നു മദ്രാസ് ഹൈക്കോടതി. ഇരുവരും രണ്ടു മതങ്ങളിൽ തുടരുകയാണെങ്കിൽ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്ത വിവാഹത്തിനേ സാധുതയുള്ളൂ എന്നു ജസ്റ്റീസുമാരായ പി.ആർ. ശിവകുമാർ, വി.എസ്. ശിവകുമാർ എന്നിവരുൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി.

ക്ഷേത്രത്തിൽ വച്ചു ക്രിസ്ത്യൻ യുവാവിനെ വിവാഹം കഴിച്ചു ഹിന്ദു പെൺകുട്ടിയുടെ മാതാപിതാക്കൾ സമർപ്പിച്ച ഹേബിയസ് കോർപസ് ഹർജി പരിഗണിച്ചപ്പോഴാണു കോടതി ഇക്കാര്യം വ്യക്തമാക്കിയത്. ക്ഷേത്രത്തിൽ വിവാഹിതരായതായി പെൺകുട്ടി കോടതിയെ അറിയിച്ചു. എന്നാൽ ഹിന്ദുമതാചാര പ്രകാരമുള്ള വിവാഹത്തിനു നിയമസാധുത ഉണ്ടാകണമെങ്കിൽ യുവാവ് ഹിന്ദുമതം സ്വീകരിക്കണമെന്നു കോടതി പറഞ്ഞു. ക്രിസ്ത്യൻ മതാചാരപ്രകാരമാണെങ്കിൽ പെൺകുട്ടി ക്രിസ്തുമതവും സ്വീകരിക്കണം. ഇരുവരും രണ്ടുമതത്തിൽ തുടരുകയാണെങ്കിൽ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യണം. **(മലയാള മനോരമ, 20/11/2015)**

# ലോകമെങ്ങും അസഹിഷ്ണുത; പരിഹാരം ഭാരതീയ സംസ്കാരമെന്ന് രാഷ്ട്രപതി

**ന്യൂഡൽഹി:** മുൻപൊരിക്കലും ഇല്ലാത്തവിധം ലോകം അസഹിഷ്ണുതയുടെയും വെറുപ്പിന്റെയും പ്രത്യാഘാതങ്ങളെ നേരിടാൻ പാടുപെടുന്ന കാലമാണിതെന്നും അതുകൊണ്ടുതന്നെ സഹിഷ്ണുതയിലും അനുകമ്പയിലും അധിഷ്ഠിതമായ ഇന്ത്യൻ സംസ്കാരം ലോകമെങ്ങും പ്രചരിക്കേണ്ടത് ആവശ്യമാണെന്നും രാഷ്ട്രപതി പ്രണബ് മുഖർജി അഭിപ്രായപ്പെട്ടു. രാഷ്ട്രപതി ഭവനിൽ ആദ്യത്തെ രാജ്യാന്തര ഇന്തോളജിസ്റ്റ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യത്യസ്ത ജനവിഭാഗത്തെ ഒരുമിച്ചു നിർത്തുന്ന ഇന്ത്യയുടെ സംസ്കാരിക മൂല്യങ്ങളെ ശക്തിപ്പെടുത്തുകയും ലോകത്തിനു മുന്നിൽ ഉയർത്തിക്കാട്ടുകയും വേണമെന്ന് രാഷ്ട്രപതി പറഞ്ഞു. ഇത് ആധുനിക ഇന്ത്യയിലും ജനങ്ങൾക്കിടയിൽ വളർത്തണം. ഇന്ത്യ എന്നാൽ സഹിഷ്ണുതയുടെ മാത്രമല്ല, അനുകമ്പയുടെയും സംസ്കാരമാണെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത് പ്രണബ് എടുത്തുകാട്ടി. ഇത് ഇന്ത്യയിൽ നിന്ന് ലോകം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. **(മലയാള മനോരമ, 22/11/2015)**

## മാധ്യമങ്ങൾ നൽകുന്നത് കോർപ്പറേറ്റ് വീക്ഷണങ്ങൾ: ജസ്റ്റിസ് കുര്യൻ ജോസഫ്

**കൊച്ചി:** വാർത്തകൾക്ക് പകരം മാധ്യമങ്ങൾ നൽകുന്നത് കോർപ്പറേറ്റ് വീക്ഷണങ്ങളാണെന്ന് സുപ്രീംകോടതി ജഡ്ജി കുര്യൻ ജോസഫ്. വാർത്താചാനലുകൾ ഉൾപ്പെടെ മാധ്യമങ്ങൾ നിലനില്പിനായി പരസ്പരം മത്സരിക്കുകയാണ്. പലപ്പോഴും വാർത്തകൾക്കൊപ്പം പൊടിക്കൈകളും മേമ്പോടികളും ചേർത്താണ് അവ പിടിച്ചു നിൽക്കുന്നത്. അതിൽ തെറ്റില്ല. എന്നാൽ വാർത്തകൾക്കും വിശകലനങ്ങൾക്കും പകരം സ്ഥാപനഉടമകളായ കോർപ്പറേറ്റുകളുടെ വീക്ഷണം മുഖ്യധാരയിലേക്ക് വരുമ്പോഴാണ് അപകടമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കൊച്ചിയിൽ ലെയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് പ്രസിദ്ധീകരിക്കുന്ന എഴുത്തു മാസികയുടെ പ്രകാശന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാഗസിന്റെ ആദ്യപ്രതി സാഹിത്യകാരൻ വൈക്കം മുരളിക്ക് നൽകി സാമൂഹ്യ പ്രവർത്തക ദയാബായി പ്രകാശനം നിർവ്വഹിച്ചു. **(മംഗളം, 2/11/2015)**

## അസഹിഷ്ണുതയിൽ ആശങ്കയോടെ: റിസർവ് ബാങ്ക് ഗവർണർ രഘുറാം രാജൻ

**ന്യൂഡൽഹി:** വിലക്കുകളും അസഹിഷ്ണുതയും രാജ്യത്തെ മുന്നോട്ടു നയിക്കില്ലെന്ന് റിസർവ് ബാങ്ക് ഗവർണർ രഘുറാം രാജൻ. പരസ്പര ബഹുമാനവും സഹിഷ്ണുതയുമാണ് സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്കു നിർണായകം എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അമിതമായ രാഷ്ട്രീയ ഇടപെടലുകളും തങ്ങൾക്ക് ഇഷ്ടമില്ലാത്തതൊക്കെ നിരോധിക്കുന്ന രീതിയും ശരിയല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്ത് വർധിച്ചുവരുന്ന അസഹിഷ്ണുതയിലും വർഗീയതയിലും പ്രതിഷേധിച്ചു കലാകാരന്മാർ പുരസ്കാരങ്ങൾ തിരിച്ചുനൽകുന്നത് ഉൾപ്പെടെയുള്ള സംഭവങ്ങൾ ചൂണ്ടിക്കാട്ടിയാണു രഘുറാം രാജൻ മോദി സർക്കാരിനെതിരെ പരോക്ഷമായി രംഗത്തു വന്നിരിക്കുന്നത്. രാജ്യത്തു സംവാദങ്ങൾ തടസപ്പെടുത്തുന്ന രീതിയിൽ സർക്കാർ ഇടപെടരുത്. സഹിഷ്ണുതയും സംവാദങ്ങളും രാഷ്ട്രപുരോഗതിക്ക് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. **(ദീപിക, 1/11/2015)**

## സാമൂഹിക പ്രശ്നങ്ങളിൽ സഭകൾ ഇടപെടണം: ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്

**കുറവിലങ്ങാട്:** സാമൂഹിക സാംസ്കാരിക പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെട്ടിരുന്ന ക്രൈസ്തവ സഭയുടെ പാരമ്പര്യം നാം നഷ്ടപ്പെടുത്തരുതെന്ന് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പകലോമറ്റത്തു നടന്ന ക്രൈസ്തവ സഭാ യുവജനങ്ങളുടെ ഐക്യ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു ബിഷപ്. അർക്കദിയാക്കോന്മാരുടെ കബറിടം സ്ഥിതിചെയ്യുന്ന പകലോമറ്റമാണ് കേരളത്തിലുള്ള എല്ലാ സഭകൾക്കും ഒന്നിക്കാനുള്ള ഏക ഉറവിടം. സാമൂഹികവും സംസ്കാരികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിൽ ജാതിമത ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങൾക്കും മാർഗനിർദേശം നൽകിയവരായിരുന്നു. അവർ ശക്തമായ ദേശീയബോധം പുലർത്തിയിരുന്നവരാണ് അർക്കദിയാക്കോന്മാർ. തർക്ക വിഷയങ്ങളിൽ മധ്യസ്ഥരാകാനും സമൂഹത്തിൽ വർഗീയത കുറയ്ക്കാനും അവർക്കു കഴിഞ്ഞിരുന്നുവെന്ന് ബിഷപ് പറഞ്ഞു. **(മലയാള മനോരമ, 11/11/2015)**

## കൊച്ചി തുറമുഖത്ത് കേന്ദ്രം ഇട്ടത് നഷ്ടത്തിന്റെ നങ്കൂരം

**കൊച്ചി:** ലാഭത്തിൽ മാന്നോട്ട് പോവുകയായിരുന്ന കൊച്ചി തുറമുഖത്ത് കേന്ദ്ര സർക്കാർ ഇട്ടത് കൊടിയ നഷ്ടത്തിന്റെ നങ്കൂരം. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കേന്ദ്രം ദുബായ് പോർട്ട് വേൾഡിനെ ഏല്പിച്ചതാണ് വിനയായത്. 30 കോടിയോളം ലാഭം നേടിയ 2005-06ലായിരുന്നു ദുബായ് പോർട്ടിന്റെ വരവ്. 2009-10 മുതൽ കൊച്ചി തുറമുഖത്തിന്റെ നഷ്ടം പെരുകി. ശരാശരി 84 കോടി രൂപയാണ് ഒരു വർഷത്തെ നഷ്ടം. **(കേരളകൗമുദി, 2/11/2015)**

## ചൈന ഒറ്റക്കുട്ടിനയം ഉപേക്ഷിച്ചു

**ബെയ്ജിംഗ്:** ഒററക്കുട്ടി നയം ചൈന ഉപേക്ഷിച്ചു. ചൈനീസ് ദമ്പതികൾക്ക് ഇനി രണ്ട് കുട്ടികൾ ആവാം. മാനവചരിത്രത്തിലെ ഏറ്റവും കർക്കശമായ ജനനനിയന്ത്രണ പരിപാടിക്ക് ഇതോടെ തിരശീല വീണു. ജനനനിയന്ത്രണം ഇനിയും തുടർന്നാൽ ചൈന ജോലിചെയ്യാൻ ആളില്ലാത്ത നാടായി മാറുമെന്നു മനസിലാക്കിയാണു തിരുത്തലിനു കാരണം. **(ദീപിക 30/10/15)**

## നദീതീരങ്ങൾ കൈയേറ്റക്കാരുടെ പിടിയിൽ

**കേ**രളത്തിൽ 44 നദികളുണ്ടെന്ന് ഊറ്റംകൊള്ളുന്ന മലയാളി അവയുടെ സംരക്ഷണത്തിനോ നിലനിൽപ്പിനോ ഒന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല, നദീതീരങ്ങളും അവയുടെ വൃഷ്ടിപ്രദേശങ്ങളും കയ്യേറി കൈവശപ്പെടുത്തുന്ന കാഴ്ചയാണ് കേരളമൊട്ടുക്ക് കാണുന്നത്. സർക്കാർ ഭൂമി, റവന്യൂഭൂമി, വനഭൂമി, പുറമ്പോക്ക് ഭൂമി, നദീതീരങ്ങൾ എന്നിവ വളച്ചുകെട്ടി പുരയിടത്തോട് ചേർത്ത്, കൈവശഭൂമിയെന്ന രീതിയിൽ പട്ടയം നേടുകയും ക്രയവിക്രയം ചെയ്യുകയോ കൃഷി ചെയ്യുകയോ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്ന സ്ഥിതിയാണിന്നുള്ളത്. തദ്ദേശ ഭരണസ്ഥാപനങ്ങൾ, വില്ലേജ് ആപ്പീസുകൾ, രജിസ്ട്രേഷൻ വകുപ്പ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളെങ്കിലും അറിയാതെ നദീതീര കയ്യേറ്റങ്ങളുടെ സ്ഥിതി പാരമ്യത്തിലാണ്. **(ജന്മഭൂമി, 9/11/2015)**

## മതമൈത്രിയും ഐക്യവും കേരളത്തെ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാക്കി: ഗവർണർ

**തിരുവനന്തപുരം:** മലയാളികളുടെ മതമൈത്രിയും ഐക്യവും കേരളത്തെ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാക്കിയെന്നു ഗവർണർ ജസ്റ്റീസ് പി. സദാശിവം. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രകൃതിരമണീയമായ കേരളത്തിന്റെ ഭൂപ്രകൃതി പോലെ തന്നെയാണ് ആബാലവൃദ്ധം കേരളീയരുടെ മനസും. ഇത്രമാത്രം പരസ്പരസാഹോദര്യം പ്രകടിപ്പിക്കുന്ന ജനങ്ങൾ മറ്റൊരിടത്തുമില്ല. വിദ്യാഭ്യാസപരമായും സാമൂഹ്യമായും ഏറെ ഉയർന്ന തലത്തിലാണു കേരളത്തിലെ ജനങ്ങൾ. മതസാഹോദര്യം കാത്തുസൂക്ഷിക്കുന്ന കേരളം രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയാണ്. **(ദീപിക, 2/11/2015)**

## നരഹത്യയെ ദൈവത്തിന്റെ പേരിൽ ന്യായീകരിക്കുന്നതു ദൈവനിന്ദ: മാർപാപ്പ

**വത്തിക്കാൻ സിറ്റി:** നരഹത്യയെ ദൈവത്തിന്റെ പേരിൽ ന്യായീകരിക്കുന്നത് ഏറ്റവും വലിയ ദൈവനിന്ദയാണെന്നു ഫ്രാൻസിസ് മാർപാപ്പ. പാരീസ് ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത ഇസ്ലാമിക് സ്റ്റേറ്റിന്റെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ആക്രമണങ്ങൾ നടത്തുന്നതിലൂടെ മാനവരാശിയുടെ ഒരു പ്രശ്നവും പരിഹരിക്കപ്പെടുകയില്ലെന്നും ദൈവത്തിന്റെ പേരിൽ നടത്തുന്ന നരഹത്യയാണ് ഏറ്റവും വലിയ ദൈവനിന്ദയെന്നും മാർപാപ്പ പറഞ്ഞു. പാരീസിൽ കൊല്ലപ്പെട്ട നിരപരാധികൾക്കു വേണ്ടി പ്രാർഥിക്കാനും അദ്ദേഹം വിശ്വാസികളോട് ആഹ്വാനം ചെയ്തു. **(ദീപിക, 16/11/2015)**

## കാലാവസ്ഥാ വ്യതിയാനം ആറു ലക്ഷം ജീവൻ അപഹരിച്ചെന്നു യു എൻ

**ജനീവ:** കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ 20വർഷത്തിനുള്ളിൽ ആറുലക്ഷത്തിലധികം പേർക്കു ജീവഹാനി നേരിട്ടതായി യു എന്നിന്റെ ദുരന്തനിവാരണ ഏജൻസി തയാറാക്കിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. പ്രളയം, കൊടുങ്കാറ്റ്, വരൾച്ച, സൂര്യാതപം, അതിശൈത്യം തുടങ്ങി നിരവധി പ്രശ്നങ്ങൾക്കു കാരണം കാലാവസ്ഥാ വ്യതിയാനമാണ്. കാർബൺ നിർഗമനത്തിന്റെ തോത് കുറച്ചുകൊണ്ടുവന്നില്ലെങ്കിൽ കൂടുതൽ പരിസ്ഥിതി നാശം ഉറപ്പാണ്. പ്രകൃതിദുരന്തങ്ങളിൽ 1995നു ശേഷം ഇതുവരെ 6,06,000 പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. 410 കോടി ജനങ്ങൾ കെടുതികൾക്ക് ഇരയായി. .... **(ദീപിക, 24/11/2015)**

## ആദ്യ ഭിന്നലിംഗ നയം കേരളം പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** ഭിന്നലിംഗവിഭാഗങ്ങൾക്ക് സാമൂഹ്യനീതിയും അവകാശങ്ങളും ഉറപ്പാക്കുന്നതും അവരോടുള്ള വിവേചനം അവസാനിപ്പിക്കുന്നതും ലക്ഷ്യമാക്കി ഇന്ത്യയിലാദ്യമായി കേരള സർക്കാർ ഭിന്നലിംഗ നയം പ്രഖ്യാപിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജൻഡർ പാർക്ക് യു.എൻ വിമണിന്റെ സഹകരണത്തോടെ കോവളത്ത് സംഘടിപ്പിച്ചിട്ടുള്ള ത്രിദിന അന്താരാഷ്ട്ര ലിംഗസമത്വ സമ്മേളനത്തിലാണ് നയരേഖ പുറത്തിറക്കിയത്. **(ജനയുഗം, 13/11/2015)**

## ജുഡീഷ്യറിയെ അഴിമതി ഗ്രസിച്ചിരിക്കുന്നു

### – ജസ്റ്റിസ് മാർക്കണ്ഡേ കട്ജു

**ന്യൂഡൽഹി:** ഇന്ത്യൻ ജുഡീഷ്യറിയെ അഴിമതി ഗ്രസിച്ചിരിക്കുകയാണെന്ന് സുപ്രീം കോടതി മുൻ ജഡ്ജി മാർക്കണ്ഡേ കട്ജു. അഴിമതി ഗ്രസിച്ചിരിക്കുന്ന ഇന്ത്യൻ ജുഡീഷ്യറിക്ക് ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച് ഏകപക്ഷീയമായി തീരുമാനമെടുക്കാനുള്ള ധാർമികാവകാശം നഷ്ടമായെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ജുഡീഷ്യൽ നിയമനത്തിനുള്ള കൊളീജിയത്തിന്റെ നടപടികൾ തത്സമയം ജനങ്ങൾക്ക് കാണാനുള്ള സംവിധാനമൊരുക്കുകയും നിയമിതരാകേണ്ട ജഡ്ജിമാരെ കൊളീജിയം വിളിച്ചുവരുത്തി അഭിമുഖം നടത്തുകയും ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. **(മാതൃഭൂമി, 18/11/2015)**

## എതിരഭിപ്രായം പ്രകടിപ്പിക്കുന്നത് സംവാദത്തിലൂടെ: രാഷ്ട്രപതി

**ന്യൂഡൽഹി:** എതിരഭിപ്രായം പ്രകടിപ്പിക്കുന്നതു സംവാദത്തിലൂടെയും ചർച്ചയിലൂടെയുമാകണമെന്നു രാഷ്ട്രപതി പ്രണബ്മുഖർജി. രാജ്യത്തു വർധിച്ചുവരുന്ന അസഹിഷ്ണുതയിൽ പ്രതിഷേധിച്ചും സാഹിത്യകാരന്മാരും ബുദ്ധിജീവികളും പുരസ്കാരങ്ങൾ തിരച്ചേൽപിക്കുന്ന സാഹചര്യത്തിലായിരുന്നു. രാഷ്ട്രപതിയുടെ അഭിപ്രായപ്രകടനം ബീഹാർ തിരഞ്ഞെടുപ്പു വിജയത്തിൽനിന്ന് ഊർജമുൾക്കൊണ്ടു പ്രതിപക്ഷം പാർലമെന്റ് സമ്മേളനം വീണ്ടും സ്തംഭിപ്പിച്ചേക്കുമെന്ന സൂചനകളിലേക്കും രാഷ്ട്രപതിയുടെ വാക്കുകൾ പരോക്ഷമായി ശ്രദ്ധ ക്ഷണിച്ചു.

സമൂഹത്തിലെ സംഭവവികാസങ്ങളോട് അതീവ സംവേദനക്ഷമത പ്രകടിപ്പിക്കുന്നവരുണ്ടെന്നു ദേശീയ മാധ്യമ ദിനത്തോടനുബന്ധിച്ചു പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ സമ്മേളനത്തിൽ രാഷ്ട്രപതി പറഞ്ഞു. എന്നാൽ പ്രതികരണങ്ങൾക്കു അടിതെറ്റരുത്. ഇന്ത്യയെന്ന ആശയത്തിലും ഭരണഘടന തത്വങ്ങളിലും നമുക്ക് അഭിമാനമുണ്ടാവണം. ആവശ്യമുള്ളപ്പോഴെല്ലാം സ്വയം തിരുത്താനുള്ള കഴിവ് ഇന്ത്യ പ്രകടിപ്പിച്ചിട്ടുണ്ട്. തുറന്ന മനോഭാവവും വിമർശനത്തോടുള്ള സഹിഷ്ണുതയും നമ്മുടെ സ്നേഹോദാത്തപാരമ്പര്യമാണ് അതു നിലനിർത്തുകയും ശക്തിപ്പെടുത്തുതയും വേണം എന്നും രാഷ്ട്രപതി പറഞ്ഞു. **(മലയാള മനോരമ, 17/11/2015)**

# കുട്ടികളുടെ പാലിയേറ്റിവ് കെയർ

## കുട്ടികൾക്കുമുണ്ട് വ്യക്തിത്വം, അവർക്കു വേണം വേദനയിൽ നിന്നു മുക്തി

**ഡോ. എം. ആർ. രാജഗോപാൽ**

കുട്ടികൾക്കുമുണ്ട് വ്യക്തിത്വം എന്നതു പലപ്പോഴും നമ്മൾ അംഗീകരിക്കുന്നില്ല. ഗുരുതരമായ രോഗം ബാധിച്ച കുട്ടിയുടെ കാര്യത്തിൽ ഇതുവളരെ പ്രധാനമായി മാറുന്നു. എന്റെ മകൾ എത്രമാത്രം കഷ്ടപ്പെടുന്നുണ്ടാകും എന്ന വിചാരത്തിനെക്കാൾ ശക്തി അവളില്ലാതെ എനിക്കു ജീവിക്കാൻ കഴിയില്ല എന്നതിനാകുമ്പോൾ കുട്ടിയുടെ ദുരിതം കാണാതെ, ഫലമില്ലാത്ത അവസ്ഥയിലും ചികിത്സകൾ അടിച്ചേൽപ്പിക്കുന്നു. കീമോതെറാപ്പി കൊണ്ട് ഇനി കാര്യമില്ല എന്നൊരു ഡോക്ടർ പറഞ്ഞാൽ സ്പെഷ്യലിസ്റ്റിനെ മാറിമാറി കാണിച്ച് ആരെക്കൊണ്ടെങ്കിലും കുറെക്കൂടി ചികിൽസ നൽകുന്നതു സ്നേഹം കൊണ്ടാണ്. പക്ഷെ, അതിക്രൂരമാകുന്നു ഇതു പലപ്പോഴും.

രോഗചികിത്സയോടൊപ്പം പാലിയേറ്റിവ് കെയറും ഒന്നിച്ചു പോയാൽ കുറച്ച് ആശ്വാസമുണ്ടാകും. പക്ഷേ, ലോകത്തു പല സ്ഥലങ്ങളിലും പാലിയേറ്റിവ് കെയർ ലഭ്യമല്ല. ലഭ്യമായ സ്ഥലങ്ങളിലാണെങ്കിൽ മുതിർന്നവർക്കു കിട്ടും. കുട്ടികൾക്കു കിട്ടില്ല എന്ന സ്ഥിതിയുമുണ്ട്. കുട്ടികളിലെ വേദനചികിത്സ പ്രത്യേകം പഠിക്കേണ്ടതാണ് എന്നതുകൊണ്ടു പല പാലിയേറ്റിവ് കെയർ ഡോക്ടർമാരും കുട്ടികൾക്കതു നൽകാൻ തയ്യാറാകുന്നില്ല. ഇനി വേദനയ്ക്കു ചികിത്സ കൊടുക്കാമെന്നു ഡോക്ടറും കുടുംബാംഗങ്ങളും സമ്മതിച്ചാലും പലപ്പോഴും വേണ്ട മരുന്നുകൾ ലഭ്യമല്ല ലഭ്യമാണെങ്കിൽ തന്നെ ചെറിയ കുട്ടികൾക്കു പറ്റിയ രീതിയിൽ സിറപ്പ് പോലെയുള്ള രൂപത്തിൽ കിട്ടാനും പ്രയാസം.

കുട്ടികളുടെ വേദനയും ദുരിതവും കുറയ്ക്കാൻ വത്തിക്കാൻ മുൻകയ്യെടുക്കുകയാണ്. 2015 നവംബർ 10നു വത്തിക്കാൻ നഗരത്തിൽ മതപണ്ഡിതരും മനുഷ്യാവകാശവക്താക്കളും ഡോക്ടർമാരും രോഗികളായ കുട്ടികളും അവരുടെ കുടുംബങ്ങളും ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 35 പ്രതിനിധികൾ ഒത്തുചേർന്നു.

ഇന്ത്യയിൽ നിന്നു മൂന്നു പേരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. കുട്ടികളുടെ രാജ്യാന്തര പാലിയേറ്റിവ് കെയർ നെറ്റ്‌വർക്കിന്റെ അധ്യക്ഷ മുംബൈയിലെ ഡോ. മേരി ആൻ മുക്കാടൻ, ചിന്മയ പ്രസ്ഥാനത്തിലെ ഡോ. ക്ഷമ മൈത്രെ. പിന്നെ കുട്ടികളുടെ മനുഷ്യാവകാശത്തിന്റെ വക്താവായി ഞാനും. 2015 മാർച്ച് 5ന് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ റേഡിയോയിൽ നടത്തിയ പ്രഭാഷണത്തിൽ പാലിയേറ്റിവ് കെയറിന്റെ പ്രാധാന്യം എടുത്തു പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ, ജീവൻ രക്ഷിക്കുന്നില്ല എന്നുവച്ചു പാലിയേറ്റിവ് കെയറിനു വിലയില്ല എന്നു കരുതരുത്. അത്രയും തന്നെ പ്രധാനമായ ഒന്നാണ് പാലിയേറ്റിവ് കെയർ ചെയ്യുന്നത്. അത് വ്യക്തിയെ വ്യക്തിയായി കാണുകയും ജിവിതത്തിനു പ്രാധാന്യം കൽപ്പിക്കുകയും ചെയ്യുന്നു. **(മലയാള മനോരമ, 24/11/2015)**

# സ്ത്രീധനം മടക്കിനല്കാത്തതു വഞ്ചനാക്കുറ്റം:

## സുപ്രീം കോടതി

**ന്യൂഡൽഹി:** വിവാഹത്തിനു മുൻപും വിവാഹ വേളയിലും തുടർന്നും സമ്മാനമായി തനിക്കു ലഭിച്ച ആഭരണങ്ങളുൾപ്പെടെയുള്ള സമ്മാനങ്ങൾ (സ്ത്രീധനം) കോടതിയുടെ ഉത്തരവനുസരിച്ച് വേർപിരിഞ്ഞു താമസിക്കുന്ന കാലയളവിൽ ഭർത്താവിന്റെയും വീട്ടുകാരുടെയും പക്കൽനിന്നു ഭാര്യയ്ക്കു തിരികെ വാങ്ങാമെന്ന് സുപ്രീം കോടതി. .... **(മലയാള മനോരമ, 22/11/2015)**

# മതഗ്രന്ഥങ്ങളുടെ പേര് ട്രേഡ്മാർക്കായി ഉപയോഗിക്കരുത്:

## സുപ്രീംകോടതി

**ന്യൂഡൽഹി:** വിവിധ മതഗ്രന്ഥങ്ങളുടെ പേരുകൾ സാധനങ്ങൾ വിൽക്കുന്നതിനുള്ള ട്രേഡ്മാർക്കായി ഉപയോഗിക്കരുതെന്നു സുപ്രീംകോടതി. ജസ്റ്റീസുമാരായ രഞ്ജൻ ഗൊഗോയി, ആർ.കെ. അഗർവാൾ എന്നിവരടങ്ങിയ ബഞ്ചിന്റേതാണ് വിധി. ദൈവങ്ങളുടെയോ മതഗ്രന്ഥങ്ങളുടെയോ പേരുകൾ ഇത്തരത്തിൽ ഉപയോഗിക്കുന്നത് മതവികാരം വ്രണപ്പെടുത്തുമെന്നും അവർ പറഞ്ഞു. **(ദീപിക, 24/11/15)**

# ദൈവത്തിന്റെ പേരിൽ അക്രമം അരുത്: ഫ്രാൻസിസ് മാർപാപ്പ

## അക്രമം നിർത്താൻ മതങ്ങൾ തമ്മിലുള്ള ചർച്ചയ്ക്ക് ആഹ്വാനം

**നെയ്റോബി:** ദൈവത്തിന്റെ പേരിലുള്ള അക്രമം അവസാനിപ്പിക്കാൻ മതങ്ങൾ തമ്മിലുള്ള ചർച്ച സുപ്രധാനമാണെന്നു ഫ്രാൻസിസ് മാർപാപ്പ. മുസ്ലീംങ്ങളും ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനാണു പ്രഥമ പരിഗണനയെന്നും ആഫ്രിക്കാ സന്ദർശനത്തിന്റെ ഭാഗമായി കെനിയയിലെത്തിയ മാർപാപ്പ പറഞ്ഞു. വിഭാഗീയ തീവ്രവാദ പ്രവർത്തനങ്ങൾ മൂലം ദിനംപ്രതി ചോര ചിന്തപ്പെടുന്ന 25 പ്രമുഖ മതനേതാക്കളുമായി കൂടിക്കാഴ്ചയ്ക്കു ശേഷമാണു മാർപാപ്പ പൊതുവേദിയിൽ ദിവ്യബലി അർപ്പിച്ചത്.

മതത്തിന്റെ പേരിൽ യുവാക്കൾ തീവ്രവാദത്തിലേക്ക് ആകർഷിക്കപ്പെട്ടു. വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും പാത തിരഞ്ഞെടുത്ത സമൂഹത്തിൽ അശാന്തി നിറയ്ക്കുകയാണ്. ഇതു തടയുന്നതിനു മതങ്ങൾ തമ്മിലുള്ള ചർച്ച അനിവാര്യമായിരിക്കുന്നു. ദൈവത്തിന്റെ നാമം ദുരുപയോഗപ്പെടുത്തി വിദ്വേഷം പടർത്താനുള്ള ശ്രമം തടയേണ്ടിയിരിക്കുന്നു. സമാധാനത്തിന്റെയും പ്രത്യാശയുടെയും പാഠങ്ങളാണു യുവതലമുറയ്ക്കു പകർന്നു നൽകേണ്ടത് – മാർപാപ്പ പറഞ്ഞു. .... **(മലയാള മനോരമ, 27/11/2015)**

# അസഹിഷ്ണുതയ്ക്കെതിരേ പ്രതികരിക്കേണ്ടത് എഴുത്തിലൂടെ

- ചന്ദ്രശേഖര കമ്പാർ

**കോഴിക്കോട്:** എഴുത്തുകാരന്റെ ആയുധം പേനയാണെന്നു ജ്ഞാനപീഠ ജേതാവും കന്നഡ സാഹിത്യത്തിലെ കുലപതിയുമായ ചന്ദ്രശേഖര കമ്പാർ.

എഴുത്തുകാരൻ പ്രതികരിക്കേണ്ടത് എഴുത്തിലൂടെയാണ്. എഴുതിയാണ് അസഹിഷ്ണുതയെ എതിർക്കേണ്ടത്. പുരസ്കാരങ്ങൾ തിരിച്ചുനൽകുന്നതിനോട് യോജിപ്പില്ല. പുരസ്കാരങ്ങൾ കിട്ടുന്നത് വ്യക്തിക്കല്ല, അയാളുടെ കലയ്ക്കാണ്. സംഘർഷമല്ല, രസാനുഭവമാണ് ഭാരതീയ സൗന്ദര്യശാസ്ത്രത്തിന്റെ സത്ത. അത് അനുശീലിപ്പിക്കുന്ന ഒരെഴുത്തുകാരനാണ് ഞാൻ. നന്മ തിന്മകളുടെ സംഘർഷം മാത്രമല്ല എഴുത്ത്. വിവേചനമല്ല വിശ്രാന്തിയാണ് അതിന്റെ കാതൽ. **(മാതൃഭൂമി, 27/11/2015)**

# നൗഷാദ്, നീയെനിക്കിന്ന് വെറുമൊരു പേരല്ല....

**കോഴിക്കോട്:** നൗഷാദ് എന്നാൽ വിമൂകമായ ഉച്ചകളിലും തണുത്ത രാത്രികളിലും കേട്ട ഗാനമായിരുന്നു എനിക്ക് ഇതുവരെ നൗഷാദ്, എന്നാൽ രുചികരമായ ആഹാരങ്ങൾ വെച്ചു വിളമ്പുന്ന, കലാകാരൻകൂടിയായ തടിയൻ ചങ്ങാതിയായിരുന്നു.... എന്നാൽ, ഇന്ന് നൗഷാദ് ഇതൊന്നുമല്ല രണ്ടു ദിവസം മുമ്പ്, മുഖപരിചയം പോലുമില്ലാത്ത രണ്ടു മനുഷ്യരെ രക്ഷിക്കാൻവേണ്ടി മരണത്തിന്റെ മാൻഹോളിലേക്കിറങ്ങിപ്പോയ, കോഴിക്കോട്ടെ സാധാരണക്കാരനായ ഓട്ടോറിക്ഷാ ഡ്രൈവറാണ്. അവൻ ജീവിച്ച്, പാതിവഴിവെച്ച് പിരിഞ്ഞുപോയ നഗരത്തിൽ ജീവിക്കുന്നതിൽ ഞാൻ വേദനയോടെ അഭിമാനിക്കുന്നു. പ്രിയപ്പെട്ട നൗഷാദ്. നീ മരിച്ചതല്ല എന്നുപോലും ഞാൻ വിശ്വസിക്കുന്നു. മതംകൊണ്ടും സമുദായംകൊണ്ടും പണംകൊണ്ടും പെരുമകൊണ്ടും പാർട്ടികൊണ്ടും മനുഷ്യരെ ഭിന്നിപ്പിച്ച് നടുവിൽനിന്നു ചോരകുടിക്കുന്ന ചെകുത്താന്മാരുടെ നടുവിൽനിന്ന് മനുഷ്യത്വത്തിന്റെ മാൻഹോളിലേക്കിറങ്ങി ആത്മബലിചെയ്യുകയായിരുന്നു നീ. മലിന ജലത്തിൽ, ഇരുട്ടിൽ അവസാന ശ്വാസമെടുക്കുമ്പോൾ നീ സ്വയം ചോദിച്ചിട്ടുണ്ടാവും. എന്തുകൊണ്ട് നമുക്കൊന്നു നന്നായിക്കൂടാ?

നൗഷാദ് നിയെനിക്കിന്ന് വെറുമൊരു പേരല്ല. നെഞ്ചിലെ നേരും നെറിയും നിഷ്കളതയുമാണ്. ഇതാ ഒരു മനുഷ്യൻ എന്ന് ചൂണ്ടിക്കാണിക്കാവുന്ന രൂപമാണ് **(മാതൃഭൂമി, 28/11/2015)**

# ഒമ്പതുമാസത്തിനിടെ കുട്ടികൾക്കെതിരേ കേരളത്തിൽ 1139 ലൈംഗികാതിക്രമങ്ങൾ

**തിരുവനന്തപുരം:** കഴിഞ്ഞ ഒമ്പതുമാസങ്ങൾക്കിടെ സംസ്ഥാനത്ത് കുട്ടികൾക്കെതിരേ നടന്നത് 1139 ലൈംഗികാതിക്രമങ്ങൾ. മലപ്പുറം ജില്ലയിലാണ് ഇത്തരത്തിലുള്ള കേസുകൾ കൂടുതൽ. 143 എണ്ണം വീതവും. 2013-ൽ ആകെ 1002 കേസുകളുണ്ടായിരുന്നതെങ്കിൽ ഈ വർഷം ഒമ്പതുമാസത്തിനിടെയാണ് ലൈംഗികകുറ്റങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള നിയമപ്രകാരം ഇത്രയും കേസുകളെടുത്തിരിക്കുന്നത്. **(മാതൃഭൂമി, 30/11/2015)**

# പാവങ്ങളെ സമുദ്ധരിക്കാൻ സമ്പന്നർ ബാധ്യസ്ഥർ: മാർപാപ്പ

**നെയ്റോബി(കെനിയ):** ദുരിതമനുഭവിക്കുന്ന പാവങ്ങളെ സംരക്ഷിക്കാൻ സർക്കാരുകളും സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ കഴിയുന്നവരും ബാധ്യസ്ഥരാണെന്നു ഫ്രാൻസിസ് മാർപാപ്പ. ആഫ്രിക്കൻ സന്ദർശനത്തിന്റെ ഭാഗമായി കെനിയയിൽ എത്തിയ മാർപാപ്പ, നെയ്റോബിയിലെ ചേരികളിലെ കടുത്ത ദാരിദ്ര്യം നേരിട്ടു മനസിലാക്കിയശേഷം വാർത്താലേഖകരോടു സംസാരിക്കുകയായിരുന്നു. **(ദീപിക, 28/11/15)**

# ഹിന്ദുമതത്തെയും ബി.ജെ.പി.യുടെ ഹിന്ദുത്വത്തെയും വേർതിരിച്ചറിയണം

**ന്യൂഡൽഹി:** യഥാർഥ സഹിഷ്ണുതയിൽ അധിഷ്ഠിതമായ ഹിന്ദുമതത്തെയും ബി.ജെ.പിയുടെ അസഹിഷ്ണുത വളർത്തുന്ന രാഷ്ട്രീയ ഹിന്ദുത്വവും വേർതിരിച്ചറിയണമെന്ന് കെ.സി. വേണുഗോപാൽ എം.പി. ലോക്സഭയിൽ അസഹിഷ്ണുതയെക്കുറിച്ചുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അധികാരത്തിലെത്താനും അധികാരം നിലനിർത്താനും സമുദായങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനാണ് ബി.ജെ.പി ശ്രമിക്കുന്നത്. സഹിഷ്ണുത ആഗ്രഹിക്കുന്ന ജനങ്ങൾ അതനുവദിക്കില്ലെന്ന് ബീഹാർ തിരഞ്ഞെടുപ്പ് ഫലത്തിന്റെ പശ്ചാത്തലത്തിൽ ബി.ജെ.പി. തിരിച്ചറിയണം. ..... ( **മാതൃഭൂമി, 1/12/2015)**



കെസിബിസി കമ്മീഷൻ സെക്രട്ടറിമാരുടെ യോഗം ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.



"ഭാരത സംസ്കാരവും അസഹിഷ്ണുതയുടെ രാഷ്ട്രീയവും" എന്ന വിഷയത്തിൽ കെസിബിസി ജാഗ്രതാസമിതി സംഘടിപ്പിച്ച സംവാദം

